**അടിയന്തരപ്രമേയം**

ദേശീയ ജനസംഖ്യാ രജിസ്റ്റർ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ കെ. എം. ഷാജി നൽകിയ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്, 'പൗരത്വനിയമ ഭേദഗതി പാസ്സാക്കിയതിന്റെ ആശങ്ക ലോകത്തൊട്ടാകെ നിലനിൽക്കുമ്പോൾ, കേന്ദ്രസർക്കാരിന്റെ ദേശീയ ജനസംഖ്യാ രജിസ്റ്ററുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങൾ ചോദ്യാവലിയിൽ ഉൾപ്പെടുത്തി, NPR നടപടികളുമായി മുമ്പോട്ടുപോകാൻ കേന്ദ്രഗവൺമെന്റിന് സഹായകരമായ രീതിയിൽ വിവരങ്ങൾ ശേഖരിക്കുന്ന സെൻസസ് നടപടി ആരംഭിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനംമൂലം സംസ്ഥാനത്തെ ജനങ്ങളിൽ ഉടലെടുത്ത കടുത്ത ആശങ്ക സഭ നിർത്തിവച്ച് ചർച്ച ചെയ്യണം' എന്നാണ്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ നേരത്തേതന്നെ ഒരു കാര്യം വ്യക്തമാക്കിയിരുന്നു, പൗരത്വനിയമ ഭേദഗതി വന്നപ്പോഴാണ് അങ്ങനെ ചെയ്തത്. പൗരത്വനിയമ ഭേദഗതി സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന് വ്യക്തമാക്കിയതാണ്. മാത്രമല്ല നിയമസഭ എന്നനിലയ്ക്കുതന്നെ ഈ ഭേദഗതി നിയമം ഇവിടെ നടപ്പാക്കുന്നില്ല എന്ന് നമ്മൾ യേജിച്ച നിലപാട് സ്വീകരിച്ചതാണ്. അതോടൊപ്പം യോജിച്ചും

ഒറ്റയ്ക്കും പലതരത്തിലുള്ള പരസ്യമായ പ്രക്ഷോഭ പ്രവർത്തനങ്ങൾ കേരളത്തിൽ വളർന്നുവന്നിട്ടുണ്ട്. പൗരത്വ രജിസ്റ്ററിന്റെ കാര്യത്തിലും പൗരത്വ രജിസ്റ്ററിന് ആധാരമായ ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കുന്നതിനുവേണ്ടി വീടുകളിൽ കയറി എന്യൂമറേഷൻ നടത്തലും സംസ്ഥാനത്ത് ചെയ്യില്ല എന്ന് ഇതിന്റെ തുടർച്ചയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചതാണ്. മാത്രമല്ല, ഇതുസംബന്ധിച്ച കേന്ദ്രഗവൺമെന്റിന്റെ ഉത്തരവ് സംസ്ഥാനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ നേരത്തെ തന്നെ സ്റ്റേ ഉത്തരവും സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളതാണ്. ഇതോടൊപ്പംതന്നെ NPR-ഉം ആയി ബന്ധപ്പെട്ട പ്രശ്നത്തിൽ, സെൻസസ്സിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് ചുമതലപ്പെട്ട അധികാരികൾ ബന്ധപ്പെട്ട ജില്ലാ അധികാരികൾക്കും ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർക്ക് ചീഫ് സെക്രട്ടറി ഇതിന്റെ ഭാഗമായി വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് NPR -ഉംആയി ബന്ധപ്പെട്ട എന്യൂമറേഷൻ നടക്കില്ല എന്ന് വ്യക്തമാക്കിയതാണ്. ഇന്നലെ ഇവിടെ നടന്ന ചർച്ചയിൽ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലെ ഒരംഗം സെൻസസ് നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ഒരു പരാമർശം നടത്തിയിരുന്നു. ഇന്നലെ ആ പരാമർശത്തിന് മറുപടി

പറയാതിരുന്നത് അതെന്തോ വാചകത്തിൽ വന്ന പിശകാണ് എന്ന ധാരണയിലാണ്. നമ്മുടെ രാജ്യത്ത് സെൻസസ് എല്ലാ കാലത്തും നടക്കാറുണ്ട്. ഈ ഘട്ടത്തിലും സെൻസസ് നടക്കുന്നതിൽ മറ്റ് അപാകതകളില്ല എന്നുതന്നെയാണ് നാം കാണേണ്ടത്. സെൻസസ്സുമായി ബന്ധപ്പെട്ട നടപടികൾ സാധാരണഗതിയിലുള്ളവ മാത്രമാണ്. ഇവിടെ പറഞ്ഞ രീതിയിലുള്ള NPR തയ്യാറാക്കാനുള്ള ഏതെങ്കിലും ചോദ്യാവലി സെൻസസ്സിന്റെ ഭാഗമായി വരുമെന്ന പ്രശ്നമേ ഉദിക്കുന്നില്ല. അതുകൊണ്ടുതന്നെ അനാവശ്യമായ ഒരു ആശങ്ക ആളുകളിൽ ഉണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണോ ഈ നോട്ടീസ് എന്ന സംശയം എനിക്കുണ്ട്. ഇതിൽ കാണേണ്ട ഒരു കാര്യം നമ്മുടെ സമൂഹത്തിൽ NPR -ഉംആയി ബന്ധപ്പെട്ട ഒരു നടപടിയും ഈ സംസ്ഥാനത്ത് നടത്തില്ല എന്ന കാര്യം നേരത്തെ തീരുമാനിച്ചിട്ടുണ്ട്. അതുതന്നെയാണ് തുടർന്നും നമ്മൾ സ്വീകരിക്കാൻ പോകുന്ന നിലപാട്. അക്കാര്യത്തിൽ ഒരുതരത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. എന്നാൽ സെൻസസ് പാടില്ല എന്നൊരു സമീപനം ഇതേവരെ നമ്മളാരും സ്വീകരിച്ചിട്ടില്ല. അതൊരു ഭംഗിയായ നടപടിയുമല്ല. ഇതാണ് വ്യക്തമാക്കാനുള്ളത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള ഒരു

പ്രശ്നമേയല്ല.

ശ്രീ. കെ. എം. ഷാജി: സർ, ബഹുമാനപ്പെട്ട സ്പീക്കർ ഇതനുവദിച്ചതിന് ഞാൻ നന്ദി പറയുകയാണ്. എന്നെപോലെയൊരു മെമ്പർ, ശ്രീ. കാരാട്ട് റസാഖ്, അപ്പുറത്തുണ്ട്. അദ്ദേഹം പേടിക്കേണ്ട ഇതുപോലൊരു പരമാർശം എന്തായാലും ഇവിടെ നിന്ന് അപ്പുറത്തേയ്ക്ക് വരില്ല. ഞാൻ ഇപ്പുറത്തും താങ്കൾ അപ്പുറത്തും ഇരിക്കുന്നതുകൊണ്ട് ഇത്തരത്തിൽ ഒരു ബുദ്ധിമുട്ട് ഉണ്ടാകില്ല. രാജ്യത്ത് ഭയാശങ്കകൾ നിറഞ്ഞുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ്. നമ്മൾ എല്ലാപേരും ഭയപ്പെട്ടുനിൽക്കുന്നതും രാജ്യമുഴവൻ ആ ഭയപ്പെടലിന്റെ സമരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതുമായ ഒരു സമയമാണിത്. 1955-ലെ സിറ്റിസൺഷിപ്പ് ആക്ട് 2003-ൽ ഇറക്കിയ റൂൾ അതിൽ സെക്ഷൻ 3 ക്ലോസ് 4-ൽ ഗവൺമെന്റ് ഒരു പോപ്പുലേഷൻ രജിസ്റ്റർ മെയിന്റെയിൻ ചെയ്യണമെന്ന് പറയുന്നുണ്ട്. ഒരു രാജ്യത്ത് പൗരത്വ രജിസ്റ്റർ ഉണ്ടാകണമെന്ന് പറയുന്നത് ഒരിക്കലും തെറ്റല്ല സ്വാഭാവികമായിട്ടുമുള്ള നടപടിക്രമം മാത്രമാണ്. പക്ഷെ അതൊരു പ്രശ്നമായി നമ്മുടെ മുന്നിൽ വരുന്നത് 2019-ൽ സി.എ.എ. വരുന്നതോടുകൂടിയാണ്. പൗരത്വത്തെ മതവുമായി ബന്ധപ്പെടുത്തി വന്നതുമുതലാണ് നമ്മുടെ രാജ്യത്ത് പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതിന് സമാനമായി നമ്മുടെ എൻ.ആർ.സി.-ലോ അതല്ലെങ്കിൽ എൻ.പി.ആർ.-ലോ നമ്മുടെ ഗവൺമെന്റിന് യാതൊരു റോളുമില്ല. അത് വസ്തുതാപരമായൊരു കാര്യമാണ്. എന്നാൽ സ്റ്റേറ്റിന്റെ മെഷിനറിയെ ഇതിനായി ഉപയോഗിക്കുന്നുവെന്നതാണ് ഇവിടെയുള്ള പ്രശ്നം. 2003-ലെ റൂൾ സെക്ഷൻ 4-ൽ എൻ.ആർ.സി.-യെ കുറിച്ചുപറയുന്നുണ്ട്. ഇതിൽ സെക്ഷൻ 4 സബ്ക്ലോസ് 3-ൽ എൻ.ആർ.സി. പ്രിപ്പയർ ചെയ്യുന്നത് എൻ.പി.ആർ.-ന് വേണ്ടിയാണെന്ന് പറയുന്നുണ്ട്. നമുക്ക് എല്ലാപേർക്കും അറിയുന്നതുപോലെ എൻ.പി.ആർ. എൻ.ആർ.സി.-ലേയ്ക്കും പിന്നീടത് സി.എ.എ-ലേയ്ക്കുമാണ് പോകുന്നത്. പോപ്പുലേഷൻ രജിസ്റ്ററിലെ വിവരങ്ങൾ രജിസ്റ്റർ ചെയ്ത്, സ്ക്രൂട്ടിണൈസ് ചെയ്ത് എൻ.പി.ആർ. ഉണ്ടാക്കാം. ഇതാണ് ഇതിലെ പ്രധാനപ്പെട്ട കാര്യം. എൻ.പി.ആർ. എന്നത് ഉടലോടുകൂടി ആകാശത്തുനിന്ന് ഇറങ്ങിവരേണ്ട കാര്യമില്ല. നിലവിലുള്ള സെൻസസ് പ്രക്രിയകൾ അടിസ്ഥാനമാക്കിക്കൊണ്ട് കൃത്യമായി നമുക്ക് എൻ.പി.ആർ.-ലേയ്ക്ക് പോകാൻ കഴിയുമെന്ന് ഇതിനകത്ത് പറയുന്നുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച 2003-ലെ റൂൾ സെക്ഷൻ 3 പ്രകാരം എൻ.പി.ആർ. നിലവിലുണ്ട്. അതിന്റെ കണ്ടിന്യൂഷനോ, അപ്ഡേഷനോ മാത്രമാണ് ഇവിടെ

നടക്കുന്നത്. ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ശരിയാണെങ്കിൽ യഥാർത്ഥത്തിൽ എൻ.പി.ആർ. പ്രയോഗവൽക്കരിക്കപ്പെട്ടുകഴിഞ്ഞു. 118-കോടി പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ചു എന്നതാണ് കേന്ദ്ര സർക്കാർ രേഖ. അതിനകത്ത് കൃത്യമായി പറയുന്നുണ്ട് 2010-ലെ സെൻസസിനോടൊപ്പം ഈ വിവരങ്ങൾകൂടി ശേഖരിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇപ്പോൾ എൻ.പി.ആർ. തയ്യാറാക്കിയിരിക്കുന്നതെന്നാണ്, എന്നുവച്ചാൽ ഇപ്പോൾ നടക്കുന്നത് എൻ.പി.ആർ.-ന്റെ അപ്ഡേഷൻ മാത്രമാണ്. ജനസംഖ്യ കണക്കെടുപ്പിന്റെയും എൻ.പി.ആർ.-ന്റെയും നോട്ടിഫിക്കേഷൻ കേരള ഗവൺമെന്റിനടക്കം ഇന്ത്യയിലെ എല്ലാ സംസ്ഥാന ഗവൺമെന്റുകൾക്കും വന്നത് ഒറ്റ ഓർഡറിലാണ്. ഇതിൽ സെൻസസ് മാത്രം നടത്തും എന്നാൽ എൻ.പി.ആർ. ഉണ്ടാകില്ലെന്ന് പറയുന്നത് ഒരു ഭൂലോക തള്ളാണ്. അത് നടക്കാൻ ഒരു സാധ്യതയില്ലാത്ത കാര്യമാണ്. ഐഡെന്റിക്കലായിട്ടുള്ള ഡാറ്റയാണ് ഇതിനുരണ്ടിനും ആവശ്യം. നിങ്ങൾ മനസ്സിലാക്കേണ്ടത് ഇതിന് രണ്ടിനും ഒരേ ഡാറ്റകളാണ് വേണ്ടത്. അല്ലാതെ രണ്ടിനും വ്യത്യസ്തമായ ഡാറ്റകളല്ല. ഒരു മണിക്കൂർ ക്യാബിനറ്റ് യോഗം ചേർന്ന് ചില ചോദ്യങ്ങൾ ഒഴിവാക്കിയെന്ന് ഗവൺമെന്റ് നേരത്തെ പറഞ്ഞു. അത്തരം ചോദ്യങ്ങൾ

ചോദിക്കാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ലായെന്ന് അഞ്ച് മിനിട്ടിനുള്ളിൽ സെൻട്രൽ ഗവൺമെന്റ് മറുപടിയും പറഞ്ഞു. അതോടുകൂടി തീർന്നു. രണ്ടിനും ആവശ്യമായ ക്വസ്റ്റിനെയർ ഒന്നാണ്. എൻ.പി.ആർ.-ലെ ക്വസ്റ്റിനെയറും സെൻസസുമായി ബന്ധപ്പെട്ട ക്വസ്റ്റിനെയറും കറക്ടാണ്. അതിനകത്ത് യാതൊരു വ്യത്യാസവും വരുന്നില്ല. സ്റ്റേറ്റ് ഗവൺമെന്റ് എന്യൂമറേറ്റേഴ്സിനെ കൊടുക്കുന്നു. ഇന്നലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി ഇവിടെയുണ്ട്- "സംസ്ഥാനത്തിനകത്ത് രണ്ട് ഘട്ടമായി നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പിൽ സർക്കാർ പൂർണ്ണമായും സഹകരിക്കുമെന്നും അതിലൂടെ എന്യൂമറേറ്റേഴ്സിനെ കൊടുക്കുമെന്നും" എന്നുവച്ചാൽ എന്യൂമറേറ്റേഴ്സിനെ കൊടുക്കാൻ നമ്മൾ തീരുമാനിച്ചിരിക്കുന്നുവെന്നാണ്. അങ്ങനെ എന്യൂമറേറ്റ്സിനെ കൊടുക്കുന്നതുവഴി അവരുടെ മുകളിലുള്ള സകല നിയന്ത്രണവും പിന്നെയുണ്ടാകുന്നത് സെൻട്രൽ സെൻസസ് കമ്മീഷനാണ്. അവരാണ് എന്യൂമറേറ്റേഴ്സിനെ നിയന്ത്രിക്കുന്നത്. കളക്ടർമാർക്ക് നേരിട്ട് സെൻസസ് കമ്മീഷൻ ലെറ്റർ അയയ്ക്കുന്നു. അതിൽ ഞങ്ങൾക്ക് കൺട്രോളില്ലായെന്ന് നിങ്ങൾ തന്നെ സമ്മതിക്കുന്നുണ്ട്. അപ്പോൾ എന്യൂമറേറ്റേഴ്സിനെ കൃത്യമായി

ഉപയോഗിക്കുന്നത് സെൻട്രൽ സെൻസസ് കമ്മീഷനാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും തിരിച്ചുപോകുന്നത് സെൻട്രൽ ഗവൺമെന്റിലേയ്ക്ക് ആണെന്നുമാത്രമല്ല എൻ.പി.ആർ.-ന് ആവശ്യമായ സകല രേഖകളും അവർ ഈ എന്യൂമറേറ്റേഴ്സിമാരെ ഉപയോഗിച്ച് ക്രോഡീകരിക്കുകയും ചെയ്യും. എന്നാൽ പലതരത്തിലുള്ള ആശങ്കകളും ഇതിൽ ഉള്ളപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപ്പിലാക്കില്ലായെന്ന് പറഞ്ഞു, കത്തയച്ചു, അതിനൊക്കെയുള്ള രേഖകൾ ഇതിനകത്തുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയമോ സെൻസസ് കമ്മീഷണറോ ഇക്കാര്യത്തിന് എന്തെങ്കിലും മറുപടി സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോയെന്ന് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത് 'ഇല്ല' എന്നാണ്. സംസ്ഥാന ഗവൺമെന്റ് വെറുതെ കത്തയച്ചുകൊണ്ടിരിക്കുകയാണ്. സെൻട്രൽ ഗവൺമെന്റ് ഒരു മറുപടിയും സംസ്ഥാന സർക്കാരിന് കൊടുത്തിട്ടില്ല. എങ്കിൽ എൻ.പി.ആർ. ഉണ്ടാകില്ല സെൻസസ് മാത്രമേ ഉണ്ടാകുയെന്ന് പറയുന്നതിൽ എന്ത് ഉറപ്പാണ് കേന്ദ്രം നിങ്ങൾക്ക് തന്നതെന്ന് പറയാൻ സാധിക്കുമോ; അദ്ദേഹത്തിന്റെ മറുപടിയിൽ അത് പറഞ്ഞിട്ടില്ല. വളരെ വിനീതമായി ഞാൻ പറയുന്നത്, ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡറുടെ ഒരഭിപ്രായമുണ്ട്.

പഞ്ചായത്തുമായി ബന്ധപ്പെട്ട ഒരു കേസ്സിന്റെ ജഡ്ജ്മെന്റിൽ അത് പറയുന്നുണ്ട് "Per contra, the learned Government Pleader submits that no doubt, the directions aforementioned have to be respected and regarded with all humility but in view of the supervening facts, which have existed only in the end of 2019 ie., the Central Government is contemplating to undertake the exercise of preparation of a new census and voters list on account of promulgation of the Citizenship (Amendment) Act, 2019. ” ഗവൺമെന്റ് പ്ലീഡർ ഇത്തരത്തിലുള്ള കാര്യങ്ങൾ കോടതിയിൽ സമർപ്പിച്ചാൽ അദ്ദേഹത്തിനെതിരെ നിങ്ങൾ ആക്ഷൻ എടുക്കുമോ; വളരെ കൃത്യമായി സെൻട്രൽ ഗവൺമെന്റ് പ്ലാൻ ചെയ്തിരിക്കുന്ന പരിപാടി നടന്നുകൊണ്ടിരിക്കുന്നുവെന്നാണ് ഗവൺമെന്റ് പ്ലീഡർ കൊടുത്തിരിക്കുന്നത്. ഇത് ഹൈക്കോടതി ജഡ്ജ്മെന്റിനകത്ത് പറഞ്ഞിരിക്കുന്നതാണ്. ഒരു വിഭാഗം ജനം ഭയപ്പെട്ടു നിൽക്കുകയാണ്. അവർക്ക് ചില വിഷമങ്ങളും ആവലാതികളുമുണ്ട് എന്നുകരുതി അവരെ വിഡ്ഢികളാക്കിക്കളയാമെന്ന് ഗവൺമെന്റ് വിചാരിക്കരുത്. വൃത്തികെട്ട വോട്ട് രാഷ്ട്രീയം ദയവ് ചെയ്ത് ഈ വിഷയത്തിൽ കളിക്കരുത്. തുടക്കം മുതൽ

ഗവൺമെന്റ് ഇതിന് നേതൃത്വം കൊടുത്ത് ഇതിനെയൊരു മുസ്ലീം ഇഷ്യൂ ആക്കി എടുക്കാനുള്ള ശ്രമങ്ങളുണ്ടായി. ഇത് മുസ്ലീം ഇഷ്യൂ അല്ല. ഇത് രാജ്യത്തിന്റെ ഭരണഘടനയെ ബാധിക്കുന്നൊരു പ്രശ്നമാണ്. അതാണ് പരിഹരിക്കപ്പെടേണ്ട പ്രശ്നം. "ഇന്ന് ഞാൻ നാളെ നീ " എന്നുപറയുന്നൊരു കേസാണിത്. ഇതെങ്ങനെയാണ് മുസ്ലീം ഇഷ്യൂ മാത്രമാകുന്നത്. മുസ്ലീംഗളെ മാത്രം കെട്ടിപ്പിടിച്ചിട്ട് നടത്തുന്ന ഈ ആവേശം വോട്ട് രാഷ്ട്രീയമല്ലാതെ മറ്റെന്താണ്; ശ്രീ. അമിത് ഷാ പാർലമെന്റിൽ പറയുന്നൊരു കാര്യമുണ്ട്. അദ്ദേഹം പറഞ്ഞത് മുസ്ലീങ്ങൾ പേടിക്കേണ്ടതില്ലെന്നാണ്. അതേകാര്യം തന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതും 'ഞാൻ ഉള്ളിടത്തോളംകാലം നിങ്ങൾ പേടിക്കേണ്ടതില്ല'എന്നാണ്. നിങ്ങൾ ഇല്ലാതായിപ്പോയാൽ ഈ സമൂഹം കഷ്ടത്തിലാകില്ലേ? അങ്ങനെ പറയുന്നത് ശരിയാണോ. ഭയപ്പെടേണ്ട ഞാൻ കൂടെയുണ്ട് എന്നാണ് നിങ്ങളുടെ മതിലിനകത്ത് പറഞ്ഞിരിക്കുന്നത്. എന്നുവച്ചാൽ ഭയപ്പെടുന്ന വേറൊരു വിഭാഗമുണ്ട്. ഞങ്ങൾക്ക് ധൈര്യമുള്ള കുറെ ആൾക്കാർ കൂടെയുണ്ട്. അങ്ങനെ നിങ്ങളുടെ ഔദാര്യത്തിൽ ഇന്ത്യാ രാജ്യത്ത് ജീവിക്കണമെന്ന് ഒരു മുസ്സൽമാനും ആഗ്രഹിക്കില്ല. ഞങ്ങളുടെ പൗരാവകാശമെന്ന് പറയുന്നത് ...അല്ലെങ്കിൽ ഞാനൊന്ന് ചോദിക്കട്ടെ;

ഞങ്ങൾക്ക് ഭയവും വിഷമവുമുണ്ടായി. അതിന്റെ കാര്യമെന്താണ്; ഞങ്ങൾ ഈ രാജ്യത്തെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നവരാണ്. ഈ രാജ്യത്തിന്റെ തൊട്ടടുത്ത് പാകിസ്ഥാനും ബംഗ്ലാദേശുമുണ്ട്. ഇത് രണ്ടും ഇസ്ലാമിക് റിപ്പബ്ലിക്കൻ രാജ്യങ്ങളാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ മുസ്ലീംഗങ്ങൾ പാർക്കുന്ന രണ്ടാമത്തെ രാജ്യം ഇന്ത്യാ മഹാരാജ്യമാണ്. ഞങ്ങളെ വേർതിരിച്ചുകൊണ്ടൊരു പൗരത്വ ലിസ്റ്റ് ഉണ്ടാക്കുമ്പോൾ ഞങ്ങൾക്ക് വിഷമമുണ്ടായി. ഈ രാജ്യത്തെ കോടികണക്കിനുവരുന്ന ഹിന്ദുക്കൾ ഞങ്ങളെ ചേർത്തുപിടിച്ചപ്പോൾ ആ വിഷമം ഉരുകി ഒലിച്ചുപോയി. ഞങ്ങളുടെ മനസ്സിനകത്തുപോലും അങ്ങനെയൊരു സങ്കടമില്ല. അതുകൊണ്ട് ഞങ്ങൾക്ക് പേടിയൊന്നുമില്ല. പണ്ട് മാമുക്കോയ സിനിമയിൽ പറഞ്ഞതുപോലെ 'പേടിയുള്ളവർ എന്റെ ചുറ്റും നിന്നോളിൻ എന്ന്..' നിങ്ങൾക്ക് വല്ല ബേജാറുണ്ടെങ്കിൽ നിങ്ങൾ പോയി ബി.ജെ.പി.-യെ പേടിച്ച് നിൽക്കുകയെന്നതല്ലാതെ, ഞങ്ങളെ ദയവ് ചെയ്ത് പേടിയുണ്ട് എന്ന് നിങ്ങൾ പറയേണ്ട കാര്യമില്ല. എനിക്ക് ഒറ്റകാര്യമെ പറയാനുള്ളൂ. We the people of India എന്ന് നമ്മൾ പറയുമ്പോൾ അതിനുമൊരു ഇന്ത്യൻ പരിപ്രേക്ഷ്യം ഉണ്ട്. We എന്നുപറയുമ്പോൾ ഞങ്ങളല്ല നമ്മൾ എന്നാണ്. നമ്മൾ എല്ലാപേരുംകൂടി

ഉണ്ടാക്കിയെടുക്കാനുള്ളതാണ് ഇന്ത്യാ മഹാരാജ്യം. ദയവ് ചെയ്ത് ഞങ്ങൾ, നിങ്ങൾ എന്നുപറഞ്ഞ് ആളുകളെ ഭയപ്പെടുത്തി കബളിപ്പിച്ച് മാറ്റിനിർത്തരുത്. ഗവൺമെന്റിനോട് വിവരാവകാശവുമായി ബന്ധപ്പെട്ട് ഇവിടുത്തെ ഡിറ്റൻഷൻ സെന്ററുമായുള്ള ഒരു ചോദ്യം ചോദിച്ചു. ആ ചോദ്യത്തിന് നിങ്ങൾ തന്ന മറുപടി ഇതാണ്. കേന്ദ്ര സർക്കാർ നിർദ്ദേശം സാമൂഹ്യനീതിവകുപ്പിലാണ് നടപടികൾ സ്വീകരിച്ചുവരുന്നത് അവിടെ അന്വേഷിക്കണം. എനിക്ക് സാമൂഹ്യ നീതിവകുപ്പിൽനിന്നും മറുപടി കിട്ടി. കേന്ദ്രസർക്കാർ നിർദ്ദേശം ഈ വകുപ്പിന് ലഭിച്ചിട്ടില്ല. എന്തൊരു ശുദ്ധമായ അസംബന്ധമാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്; 2019- ജനുവരിയിൽ സെൻട്രൽ ഗവൺമെന്റ് എല്ലാ സ്റ്റേറ്റ് ഗവൺമെന്റുകൾക്കും ഡിറ്റെൻഷൻ സെന്ററിനുള്ള നിർദ്ദേശങ്ങൾ കൊടുത്തു. നിങ്ങൾക്കത് കിട്ടിയിയെന്ന് സമ്മതിക്കുന്നു. അത് സാമൂഹ്യനീതിവകുപ്പ് ചെയ്യണമെന്ന് പറയുന്നു. സാമൂഹ്യനീതിവകുപ്പ് പറയുന്നു ഞങ്ങൾക്കിത് അറിയില്ല. ഒരു കാര്യം നിങ്ങൾ ഓർത്തോളൂ, സെൻസസിന്റെ മറവിൽ സെൻട്രൽ ഗവൺമെന്റിനുവേണ്ടി എൻ.പി.ആർ. ഉണ്ടാക്കിക്കൊടുക്കാൻ നടത്തുന്ന ഏർപ്പാട് ഡിറ്റെൻഷൻ സെന്ററിന്റെ വിഷയത്തിൽ നിങ്ങൾ നടത്തിയാൽ, കേരളത്തിലെ ഏതെങ്കിലുമൊരു

ഗ്രാമത്തിലോ നഗരത്തിലോ നിങ്ങൾ അതിന് തറക്കല്ലിട്ടാൽ, ആ തറക്കല്ല് വലിച്ചെടുത്ത് ഞങ്ങൾ അറബിക്കടലിൽ കൊണ്ടിടും. ഇത് കേരളമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവടക്കമുള്ളവരെ സാക്ഷിനിർത്തിയാണ് ഞാൻ പറയുന്നത്. ഇങ്ങനെ ജനങ്ങളെ വിഡ്ഢിയാക്കാമെന്ന് ദയവുചെയ്ത് നിങ്ങൾ വിചാരിക്കരുതെന്ന് ഞാൻ പറയുന്നു. എല്ലാവർക്കും ഒരു അഭിമാനബോധമുണ്ട്. ആ അഭിമാനബോധത്തിന് മുകളിൽ ദയവുചെയ്ത് നിങ്ങൾ മുതലാളി ചമയരുത്. ഈ വിഷയത്തിൽ നിങ്ങൾക്കെന്താണ് ചെയ്യാനാകുന്നത്? വെർബൽ ബോംബിംഗും തൊള്ളബഡായിയുംകൊണ്ട് കാര്യമൊന്നുമില്ല. നിങ്ങൾ ചെയ്യേണ്ട ആക്ഷനെപ്പറ്റി ഞാനാദ്യം പറഞ്ഞു. സെൻസസിന്റെ enumerators-നെ കൊടുക്കേണ്ടത് കേരളമാണ്. സെൻട്രൽ ഗവൺമെന്റ് വിളിച്ച എൻ.പി.ആർ. മീറ്റിംഗിൽ കേരളം പങ്കെടുത്തെങ്കിലും പശ്ചിമ ബംഗാളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തില്ല. XXXXXXX * ആണുങ്ങളേക്കാൾ ചൂരുള്ള പെണ്ണാണ് അവിടെ ഭരിക്കുന്നത്, ധൈര്യമുള്ളവരാണ് ഭരിക്കുന്നത്. അവർ പോയില്ല, നിങ്ങൾ മനസ്സിലാക്കണം. (....ബഹളം.....) നിങ്ങൾ ആ മീറ്റിംഗിൽ പോയി ഒപ്പിട്ടുവെന്നുമാത്രമല്ല ഒരു വിയോജനക്കുറിപ്പുപോലും......

* ബഹുമാനപ്പെട്ട അംഗം പ്രസ്തുത പരാമർശം പിൻവലിച്ചു

(....ബഹളം.....)

<u>ശ്രീ. എം. സ്വരാജ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. കെ. എം. ഷാജി:</u> സർ, അടിയന്തരപ്രമേയത്തിൽ നിങ്ങൾ ആർക്കും പോയിന്റ് ഓഫ് ഓർഡർ കൊടുക്കാറില്ല. എനിക്കുമാത്രമായി അങ്ങനെയൊരു നയമുണ്ടെങ്കിൽ അങ്ങനെ ആയിക്കോളൂ. ....(ബഹളം)....

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യൂ.....

<u>ശ്രീ. കെ. എം. ഷാജി:</u> സർ, നിങ്ങൾ അതിനകത്ത് വിയോജനക്കുറിപ്പ് എഴുതിയില്ല. അതിനർത്ഥം നിങ്ങൾ അത് സമ്മതിച്ചുവെന്നാണ്. ഒറ്റക്കാര്യമേ ഞാൻ പറയുന്നുള്ളൂ (....ബഹളം......) പത്ത് മിനിട്ടായി, ഞാൻ അവസാനിപ്പിക്കുന്നു. ഇവിടെ സെൻസസിന്റെ പേരിൽ എൻ.പി.ആർ. നടപ്പിലാക്കാനുള്ള ശ്രമത്തെയാണ് ഒരു ഗവൺമെന്റ് ചെറുക്കേണ്ടത്. (.....ബഹളം.....) അതുകൊണ്ട് enumerators-നെ സെൻട്രൽ ഗവൺമെന്റ് കൊടുക്കാതിരിക്കുക.

<u>ശ്രീ. എം. സ്വരാജ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്...... അദ്ദേഹം സംസാരിച്ചതിനുശേഷം അവസരം നൽകാം. ശ്രീ. കെ. എം. ഷാജി, അങ്ങ് കൺക്ലൂഡ് ചെയ്യൂ. ...

(ബഹളം)...

ശ്രീ. കെ. എം. ഷാജി: സർ, സെൻസസ് ഒരു കാരണവശാലും എടുക്കാൻ പാടുള്ളതല്ല എന്നുമാത്രമല്ല, ഈ വിഷയത്തിൽ കൃത്യമായ വ്യക്തത വരുന്നതുവരെ താൽക്കാലികമായി സെൻസസ് നിർത്തിവയ്ക്കുകയാണ് വേണ്ടത്. അങ്ങനെ നിർത്തിവയ്ക്കണമെന്ന വിഷയം ഇവിടെ അവതരിപ്പിച്ചുകൊണ്ടും ഇത് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു. (….ബഹളം…..)

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ്, പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന് അവസരം കൊടുക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അഴീക്കോട് അംഗം ഇവിടെ സംസാരിക്കുന്നതിനിടയിൽ നടത്തിയ ഒരു പരാമർശമാണ് പോയിന്റ് ഓഫ് ഓർഡറിൽ ഉന്നയിക്കുന്നത്. കേരളത്തിലെയും പശ്ചിമ ബംഗാളിലെയും മുഖ്യമന്ത്രിമാരെ താരതമ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം നടത്തിയ പരാമർശം അങ്ങേയറ്റം

സ്ത്രീവിരുദ്ധമായതും സ്ത്രീത്വത്തെ അപമാനിക്കുന്നതുമായ ഒന്നാണ്. അത് (.....ബഹളം...) അങ്ങനെ ആയിക്കോട്ടെയെന്നാണോ? ആണത്വം, പെണ്ണ് തുടങ്ങിയ പ്രയോഗങ്ങൾ നടത്തി, സ്ത്രീത്വത്തെ അപമാനിക്കുന്ന ആധുനിക സമൂഹത്തിന് അംഗീകരിക്കാനാകാത്ത അപരിഷ്കൃതമായൊരു കാഴ്ചപ്പാടാണ് ഇവിടെ പറഞ്ഞത്. അത് സഭാരേഖകളിലുണ്ടാകുന്നത് സ്ത്രീത്വത്തോടുള്ള അനാദരവായിരിക്കും. അത് പരിശോധിച്ച് നീക്കം ചെയ്യണമെന്നുള്ളതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി കെ. കെ. ശൈലജ ടീച്ചർക്ക് എന്താണ് പറയാനുള്ളത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ നിരവധി തവണ സഭയുടെ അന്തസ്സിന് നിരക്കാത്ത കാര്യങ്ങൾ പറയുകയാണ്. ബഹുമാനപ്പെട്ട എം. സ്വരാജ് പറഞ്ഞതുപോലെ, ശ്രീ. കെ. എം. ഷാജി പറയുന്നത്, പെണ്ണാണ് ഭരിക്കുന്നതെങ്കിലും, ആണിന്റെ അന്തസ്സ് കാണിച്ചുവെന്നാണ്. എന്താണ് പെണ്ണിന് കുഴപ്പം? ശ്രീ. കെ. എം. ഷാജി പറയുന്നത് അടുത്തുനിന്ന് കേൾക്കാൻ ശ്രീമതി ഷാനിമോൾ ഉസ്മാന് ലജ്ജയില്ലേ? മറ്റൊരു കാര്യം, സാമൂഹ്യനീതി വകുപ്പിന് ഡിറ്റെൻഷൻ സെന്റർ തുടങ്ങാനുള്ള നിർദ്ദേശം വന്നത്

ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ മന്ത്രിയായിരിക്കുമ്പോഴാണ്, യു.ഡി.എഫ്. ഭരിക്കുമ്പോഴാണ്. സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. (.....ബഹളം.....)

<u>മി. സ്പീക്കർ</u>: പെണ്ണാണെങ്കിൽപ്പോലും എന്ന അങ്ങയുടെ പ്രയോഗം ആധുനിക സമൂഹത്തിന് അത്ര യോജിച്ചതായില്ല. പെണ്ണാണെങ്കിൽപോലുമെന്ന്......

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: ശ്രീ. വി. എസ്. സുനിൽ കുമാർ, അങ്ങ് പറയൂ.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇന്ത്യയുടെ ഇന്നത്തെ സാഹചര്യത്തിൽ കേരളം ഒറ്റക്കെട്ടായി ഹിന്ദു-മുസ്ലീം വ്യത്യാസമില്ലാതെ ഒരു ജനതയെന്ന നിലയിൽ മുന്നോട്ടുപോകുകയാണ്. ഈ സന്ദർഭത്തിൽ 'ഞങ്ങൾ, നിങ്ങൾ' എന്ന പദം ഉപയോഗിച്ചുകൊണ്ട് സമൂഹത്തിനകത്ത് വീണ്ടും വേർതിരിവുണ്ടാക്കാനും വർഗ്ഗീയത വളർത്താനും വേണ്ടിയുള്ള പ്രസംഗമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. ഇത് സഭയുടെ അന്തസ്സിന് ചേർന്നതല്ല. മുസ്ലീം ലീഗിന്റെയും യു.ഡി.എഫ്.-ന്റെയും കോൺഗ്രസ്സിന്റെയും നയത്തിന് ചേർന്നതല്ല.

ഇവിടെ ഈ ഗവൺമെന്റ് ഉണ്ടാക്കിയ ഒരു സ്പിരിറ്റിനെ തകർക്കാനുള്ള ശ്രമമാണ്. ഇത് എസ്.ഡി.പി.ഐ.-യുടെ വാക്കുകളാണ്. (....ബഹളം...) ഇത് വർഗ്ഗീയവാദികളുടെ വാക്കുകളാണ്. (....ബഹളം...) ഇത് നീക്കം ചെയ്യണം.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... (.....ബഹളം....) ശ്രീ. കെ. എം. ഷാജി സംസാരിക്കൂ. (.....ബഹളം....)

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ ഇവിടെ 'പെണ്ണാണെങ്കിൽ പോലും' എന്നുപറഞ്ഞ പരാമർശം തെറ്റിദ്ധരിക്കാൻ സാധ്യതയുള്ളതുകൊണ്ട് പിൻവലിക്കുകയാണ്. പക്ഷേ, ആണിനേക്കാൾ കരുത്തോടുകൂടിയ പെണ്ണ് എന്നുപറയുന്നത് ഒരിക്കലും സ്ത്രീത്വത്തെ അപമാനിക്കലല്ല. (.....ബഹളം....) ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, അദ്ദേഹത്തിന് തോന്നിയതാണ്. ഞാൻ പറഞ്ഞിട്ടില്ല. 'We' എന്നാണ്, 'നമ്മൾ' എന്നാണ്, അല്ലാതെ ഞങ്ങൾ, നിങ്ങൾ എന്ന് പറയരുതെന്നാണ് ഞാൻ പറഞ്ഞത്. (.....ബഹളം......)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കും.(...ബഹളം...) പ്ലീസ്... പ്ലീസ്.... ഇരിക്കൂ..... ഇരിക്കൂ....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം അവതരിപ്പിച്ച പ്രമേയം യഥാർത്ഥത്തിൽ എന്തെങ്കിലും ആശങ്കയോ സംശയമോ ഉള്ളതുകൊണ്ട് അവതരിപ്പിച്ചതല്ല. ഇത് വേറെ ചില അജണ്ടകളുടെ ഭാഗമായി അവതരിപ്പിച്ച ഒന്നാണ്. അദ്ദേഹം പറഞ്ഞുവരുമ്പോൾ നാമെല്ലാവരുംകൂടി ഈ പ്രശ്നം ഏറ്റെടുത്തതിനെ പരാമർശിക്കുകയുണ്ടായി. ഇവിടെ അതൊരു മുസ്ലീം വിഷയമായിയെടുത്തുവെന്നാണ് അദ്ദേഹം കാണുന്നത്. കേരളമാണ് അതിൽനിന്നും വേറിട്ടുനിന്നത്. കേരളം ഈ പ്രശ്നത്തെ എതിർക്കാൻ തയ്യാറായത് ഏതെങ്കിലും മതവിഭാഗത്തിന്റെ പ്രശ്നമെന്ന നിലയ്ക്കെടുത്തുകൊണ്ടല്ല. ഇത് നമ്മുടെ ഭരണഘടനയെയും മതനിരപേക്ഷതയെയും തകർക്കാനുള്ള നീക്കമാണ്. മതാധിഷ്ഠിത രാഷ്ട്രം സ്ഥാപിക്കാനുള്ള ആർ.എസ്.എസ്.-ന്റെ അജണ്ടയുടെ ഭാഗമാണ്. ഈയൊരു പശ്ചാത്തലം വച്ചുകൊണ്ടാണ് നമ്മളെല്ലാവരും അതിനെ എതിർക്കാൻ തയ്യാറായത്. ബഹുമാന്യനായ അംഗം അങ്ങനെ ഇതിനെ കണ്ടത് എന്തുകൊണ്ടാണ്? ഏത് ജനവിഭാഗത്തെയാണ് ഗവൺമെന്റിന്റെ ഇടപെടൽ ആശങ്കയിലാഴ്ത്തിയിട്ടുള്ളത്? പൊതുവിൽ ജനവിഭാഗങ്ങളില്ല, എന്നാൽ ഒരു കൂട്ടരുണ്ട്. ആ കൂട്ടരെ ഒരു മതവിഭാഗമായി കാണണ്ട. കേരളത്തിലുള്ള ചില

തീവ്രവാദ വിഭാഗങ്ങൾക്ക് ഈ ഇടപെടൽ അത്ര രുചിച്ചിട്ടില്ല. ഈ വിഭാഗത്തിലുള്ളവരെയാകെ അവരുടെ ചിറകിനുള്ളിൽ ഒതുക്കാനുള്ള അവസരമായാണ് അവർ ഇതിനെ കണ്ടത്. ഇത്തരത്തിൽ ഒരു പ്രശ്നം വന്നപ്പോൾ തങ്ങൾ സ്വാധീനമില്ലാതിരിക്കുന്ന, എന്നാൽ മതനിരപേക്ഷമായി ചിന്തിക്കുന്ന മഹാഭൂരിപക്ഷംപേരെ ഈയൊരു വികാരത്തിന്റെ ഭാഗമായി കൂടെ നിർത്താൻ കഴിയുമോയെന്നാണ് അവർ പരിശ്രമിച്ചിരുന്നത്. അവർക്ക് പരിശ്രമം ആരംഭിക്കാൻ കഴിയുന്നതിനുമുമ്പുതന്നെ ഗവൺമെന്റിന്റെ ഇടപെടൽ വന്നു. അവർക്ക് ഇവിടെ ബേസുണ്ടായില്ല. ആരെയും അതിന് കാത്തുനിന്നില്ല. ഏതെങ്കിലുമൊരു മതവിഭാഗത്തിന്റെ പ്രശ്നമായല്ല നമ്മളെടുത്തത്. കേരളത്തിന് തനതായ ഒരു സംസ്കാരമുണ്ട്. അത് മതനിരപേക്ഷതയിലൂന്നിയുള്ള സംസ്കാരംതന്നെയാണ്. മറ്റ് പ്രദേശങ്ങളിലെല്ലാം മതനിരപേക്ഷതയിൽനിന്ന് വ്യത്യസ്തമായ ചില കാര്യങ്ങൾ ഉണ്ടാകുമ്പോഴും നമുക്കിവിടെ മതനിരപേക്ഷത ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്, അതുതന്നെയാണ് നമ്മുടെ കരുത്തും. മുസ്ലീങ്ങളുമായി ബന്ധപ്പെട്ട് എന്തോ ഒരു പ്രീണന നിലപാട് സ്വീകരിക്കുന്നുവെന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ഇവിടെ എല്ലാവരും വന്നിട്ടുണ്ട്. നാം ഒന്നിച്ചുനടത്തിയ ആ പ്രക്ഷോഭത്തിന്റെ കാര്യം

തന്നെയെടുക്കാം. പ്രക്ഷോഭം ഒന്നിച്ചുനടത്തണം, ഒന്നിച്ചുനടത്തണമെന്ന് എന്തുകൊണ്ടാണ് പറഞ്ഞത്? ഇതേ കാരണം കൊണ്ടുതന്നെയാണ്. നമുക്ക് എല്ലാവർക്കും പ്രക്ഷോഭം നടത്താൻ സാധിക്കും, ഓരോ സംഘടനയ്ക്കും സാധിക്കും. പക്ഷേ ഓരോ സംഘടനയും നടത്തുന്ന പ്രക്ഷോഭത്തേക്കാളുമൊക്കെ വലിയൊരു ശക്തിയായാണ് ഒന്നിച്ചുള്ള പ്രക്ഷോഭം മാറുന്നത്. നമ്മൾ പാളയം രക്തസാക്ഷി മണ്ഡപത്തിൽ ഇരുന്നപ്പോൾ അവിടെ വന്നുചേർന്നവർ ആരൊക്കെയാണ്; എല്ലാ വിഭാഗങ്ങളും വന്നില്ലേ; എല്ലാവരും വന്ന് അന്നത്തെ നമ്മുടെ ആ പ്രക്ഷോഭത്തെ അഭിവാദ്യം ചെയ്തില്ലേ; ഈ നാടിന്റെ പിന്തുണയല്ലേ അവർ നമ്മളെ അറിയിച്ചത്; നിങ്ങളുടെ കൂടെ ഞങ്ങൾ എല്ലാവരുമുണ്ട് എന്നല്ലേ പറഞ്ഞത്; ഈ നാട് ഒന്നാകെയല്ലേ വന്നത്? എന്നാൽ ഈ തീവ്രവാദ വിഭാഗത്തെ അകറ്റിനിർത്താൻ നാം അന്നും ശ്രദ്ധിച്ചു. അതിൽ സ്വാഭാവികമായും അവർക്ക് വിഷമം ഉണ്ടാകും. ഇവിടെ മുസ്ലീം സമൂഹത്തിൽ വിവിധ വിഭാഗങ്ങളുണ്ട്. അതിൽ സുന്നി വിഭാഗത്തിൽ ഏറ്റവും പ്രബലമായ രണ്ട് വിഭാഗങ്ങൾ ഇ. കെ. സുന്നിയും എ. പി. സുന്നിയുമാണ്. ഇ. കെ. സുന്നി വിഭാഗത്തിന്റെ ബഹുമാന്യനായ നേതാവ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾ, എ. പി. സുന്നി വിഭാഗത്തിന്റെ ബഹുമാന്യനായ നേതാവ് കാന്തപുരം

എ. പി. അബൂബക്കർ മുസ്ലിയാർ തുടങ്ങി എല്ലാവരും ഇതുമായി സഹകരിച്ചില്ലേ; മുജാഹിദ് പോലുള്ള മറ്റ് വിഭാഗങ്ങളും സഹകരിച്ചില്ലേ; ഇക്കാര്യത്തിൽ അവർക്കാർക്കെങ്കിലും തെറ്റിദ്ധാരണയോ ആശങ്കയോയുണ്ടോ; നമ്മുടെ നാടിന്റെ പൊതുവായ സംസ്കാരത്തിന്റെ കാര്യത്തിൽ അവരെല്ലാവരും ഒരേ മനസ്സോടെയല്ലേ നിൽക്കുന്നത്; നമ്മൾ അതല്ലേ കാണേണ്ടത്; അതല്ലേ നാം ശക്തിപ്പെടുത്തേണ്ടത്?

ശ്രീ. കെ. എം. ഷാജി ഇത് അവതരിപ്പിച്ചത് ഇന്നലെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിൽനിന്നും രണ്ടുപേരെങ്കിലും സംസാരിച്ച കാര്യത്തെ ചെറുക്കുന്നതിനുവേണ്ടിയാണെന്ന പൂർണ്ണധാരണ എനിക്കുണ്ട്. യോജിച്ച സമരമാണ് ആവശ്യമെന്ന് വളരെ ശക്തമായിത്തന്നെ ഇന്നലെ അവർ പറഞ്ഞു. ഇവിടെ ഞാനത് പ്രത്യേകമായിത്തന്നെ എടുത്തുപറഞ്ഞു. ബഹുമാന്യനായ അംഗത്തിന്റെയൊക്കെ നിലപാട് എല്ലാവർക്കും അറിയാമല്ലോ? ആ നിലപാടിന്റെ ഭാഗമായി, അത് കൂട്ടിച്ചേർത്തുകൊണ്ട് ഒരു പ്രശ്നം അവതരിപ്പിക്കാൻ ശ്രമിച്ചു എന്നല്ലാതെ വേറെ എന്താണുള്ളത്? സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു വിഭാഗം ജനങ്ങളെയും വിഡ്ഢികളാക്കാനുള്ള പ്രശ്നമില്ല. 'നിങ്ങൾ ഒരു വിഭാഗം ജനങ്ങളെ വിഡ്ഢികളാക്കുകയാണെ'ന്ന് ഇവിടെ

പറഞ്ഞു. ഇത് നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ഈ രാജ്യത്തിന്റെ ഭാഗമായവരോടാണ്, നിങ്ങൾ ഈ രാജ്യത്തിന്റെ ഭാഗമാണോയെന്ന് ചോദിക്കുന്നത്. അത് അംഗീകരിക്കില്ല എന്നുതന്നെയാണ് പറഞ്ഞിട്ടുള്ളത്. ഇതുസംബന്ധിച്ച് പൊതുസമൂഹത്തിന് യാതൊരു അങ്കലാപ്പുമില്ല. എന്താണ് സർക്കാരിന്റെയും നമ്മൾ ഓരോരുത്തരുടെയും നിലപാട് എന്നതുസംബന്ധിച്ച് പൊതുസമൂഹത്തിന് നല്ല ധാരണയുണ്ട്. മറ്റ് ചിലതിന്റെ ഭാഗമായി ആ സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചാലും അത് ഏശുന്നതല്ല. കാരണം, ഏതെങ്കിലും ഒരു ദിവസം ഉണ്ടാകുന്നതല്ലല്ലോ ധാരണ? ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നങ്ങളുടെയും സമീപനങ്ങളുടെയും അടിസ്ഥാനത്തിലല്ലേ നമ്മുടെ നാടിന്റെ വ്യക്തമായ ധാരണകൾ ഉരുത്തിരിഞ്ഞുവരുന്നത്; അത് നമ്മൾ കാണണ്ടേ; മതനിരപേക്ഷതയുടെയും അത് സംരക്ഷിക്കുന്നതിന്റെയും കാര്യത്തിൽ സ്വീകരിക്കുന്ന സമീപനമൊക്കെ പ്രധാനമല്ലേ? ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഇതിനുമുമ്പുതന്നെ വ്യക്തമായ നിലപാടെടുത്തിട്ടുണ്ട് എന്നത് നാം കാണേണ്ട കാര്യമാണ്. ഒരു കാരണവശാലും കേരളത്തിൽ പൗരത്വ ഭേദഗതി നിയമം നടപ്പാക്കില്ലെന്ന്

പറഞ്ഞപ്പോൾ, ഒരു സംസ്ഥാനത്തിന് അങ്ങനെ പറയാൻ കഴിയുമോയെന്ന് ചോദ്യം ചെയ്തവരില്ലേ? അങ്ങനെ പറയാൻ എന്തായിരുന്നു നമ്മുടെ ബലം? ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് ഈ സ്ഥാനത്തുനിന്ന് ഞാൻ സംസാരിക്കുന്നത്. ആ ഭരണഘടനയെ തൊട്ടാണ് നമ്മൾ സത്യപ്രതിജ്ഞ ചെയ്യുന്നത്. ഭരണഘടനയെയാണ് നമ്മൾ സംരക്ഷിക്കേണ്ടത്. ഭരണഘടനയ്ക്ക് അതീതമായ ഒരു നിയമവും നിലനിൽക്കില്ല. അതുകൊണ്ടാണ് അതിനെ ചോദ്യം ചെയ്യാനും തയ്യാറായത്. അങ്ങനെ ചോദ്യം ചെയ്തത്, ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിൽ നിൽക്കുകയാണ്. അതുകൊണ്ടുതന്നെയാണ് അത് ഇവിടെ നടപ്പാക്കില്ല എന്നുപറഞ്ഞത്. എൻ.ആർ.സി.-യുടെയും എൻ.പി.ആർ.-ന്റെയും കാര്യം ആശങ്കയ്ക്കടിസ്ഥാനമില്ലാതെ വ്യക്തമാക്കിയതാണ്. എൻ.പി.ആർ.-ൽനിന്നാണ് എൻ.ആർ.സി. ഉടലെടുക്കുന്നത്, സെൻസസിൽനിന്നല്ല. എൻ.പി.ആർ. കഴിഞ്ഞ തവണയും എടുത്തിട്ടുണ്ട്. എൻ.പി.ആർ.-ന്റെ ഭാഗമായി എൻ.ആർ.സി. വരുന്നതുകൊണ്ടാണ് ഇവിടെ എൻ.പി.ആർ. തയ്യാറാക്കില്ലെന്ന് നമ്മൾ പറഞ്ഞത്. എൻ.പി.ആർ. തയ്യാറാക്കുന്നത് എങ്ങനെയാണ്? സെൻസസിൽനിന്ന് ഒരു ഭാഗമെടുത്തിട്ടല്ല എൻ.പി.ആർ. തയ്യാറാക്കുന്നത്.

എൻ.പി.ആർ.-ന് പ്രത്യേകമായ നിലയുണ്ട്, അതിന്റെ ഭാഗമായി ചോദിക്കേണ്ട ചോദ്യങ്ങളുണ്ട്. ആ ചോദ്യങ്ങൾ ഇവിടെ ചോദിക്കില്ല, അവ ഒഴിവാക്കുമെന്നാണ് അതിന്റെ അർത്ഥം. എൻ.പി.ആർ. നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ രാജ്യത്തിന്റെ മുന്നിൽ കേരളത്തിന്റെ നിലപാടുണ്ട്. ഇവിടെനിന്നും ഒരു പ്രതിനിധി പങ്കെടുത്ത കാര്യത്തെപ്പറ്റി പറഞ്ഞല്ലോ? എൻ.പി.ആർ. അവിടെ നടപ്പാക്കില്ലെന്നാണ് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത് എന്നാണ് ആ പ്രതിനിധി അവിടെ പറഞ്ഞത്. അപ്പോൾ അവർ പറഞ്ഞത്, നിങ്ങൾക്ക് അതാണ് നിലപാടെന്ന് ഞങ്ങൾക്കറിയാം, അതുകഴിഞ്ഞതിനുശേഷം ആലോചിക്കാം എന്നാണ് ..... (ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.....എന്താണിത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കേരളത്തിന്റെ നിലപാട് ആ യോഗത്തിലും പറയാൻ കഴിഞ്ഞിട്ടുണ്ട്, അതിന് ഒരു പ്രശ്നവുമുണ്ടായിട്ടില്ല. നമ്മൾ ഓരോരുത്തരുടെയും ശീലം വ്യത്യസ്തമാണ്. കളവ് പറഞ്ഞ് ശീലിച്ചവരും ഉള്ളതുമാത്രമേ പറയൂയെന്ന് നിർബന്ധമുള്ളവരുമുണ്ട്. അതിന്റെ ഭാഗമായി പ്രതിപക്ഷഭാഗത്തുനിന്നും എന്തോ വിളിച്ചുപറയുകയാണ്, അത് വേറെ. ഞാൻ

നടന്ന കാര്യം പറയുകയാണ്. ചീഫ് സെക്രട്ടറി കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച്, ഇതാണ് ഞങ്ങളുടെ നിലപാട് എന്നുപറയുന്നു. 'നിങ്ങളുടെ നിലപാട് അതാണെന്ന് ഞങ്ങൾക്ക് അറിയാം' എന്ന് അവർ പറയുന്നു. ഇത് എല്ലാവർക്കും ഇപ്പോൾ അറിയാം. ഓരോ ജില്ലയിലും ഇതിന് നേതൃത്വം കൊടുക്കുന്നത് കളക്ടർമാരാണ്. എൻ.പി.ആർ. ഇവിടെ യാതൊരു കാരണവശാലും നടപ്പാക്കുന്നില്ലെന്ന് ചീഫ് സെക്രട്ടറി കേരളത്തിലെ എല്ലാ കളക്ടർമാർക്കും നിർദ്ദേശം കൊടുത്തുകഴിഞ്ഞിരിക്കുന്നു. ഇക്കാര്യത്തിൽ സംസ്ഥാനത്തിന് വ്യക്തമായ നിലപാടാണുള്ളത്. അതുകൊണ്ട് ഇതുരണ്ടും ഒന്നാണെന്ന് ധരിക്കരുത്. സെൻസസ് വേറെ, എൻ.പി.ആർ. വേറെ. ആ എൻ.പി.ആർ. നമ്മൾ ഇവിടെ നടപ്പാക്കില്ല. ഇവിടെ കേന്ദ്രമാണ് നിർദ്ദേശിക്കുന്നത് എന്നുപറഞ്ഞത് ശരിയാണ്. ആ നിർദ്ദേശം നടപ്പാക്കുന്നോ ഇല്ലയോ എന്നുള്ളതാണ് കാര്യം. നടപ്പാക്കാൻ നമ്മൾ തയ്യാറല്ല. ഇവിടെ ഒരു കല്ലെടുത്ത് എറിയുന്ന കാര്യം പറഞ്ഞല്ലോ, ആസാമിൽ പോകാത്തത് നന്നായി, പോയെങ്കിൽ മറ്റേത് കണ്ടിട്ടില്ല, ഈ സാധനം കണ്ടില്ല. 13-12-2011-ൽ അന്നത്തെ യു.പി.എ. സർക്കാരിലെ ആഭ്യന്തര സഹമന്ത്രി ലോക്സഭയിൽ നൽകിയ മറുപടിയുണ്ട്, അതിൽ ആസാമിൽ ഡിറ്റെൻഷൻ ക്യാമ്പുകൾ

സ്ഥാപിച്ച കാര്യങ്ങൾ എടുത്തുപറയുന്നുണ്ട്. 362 പേരെ ഇത്തരത്തിൽ അനധികൃത കുടിയേറ്റക്കാരായി പ്രഖ്യാപിച്ച കാര്യവും എടുത്തുപറയുന്നുണ്ട്. ഡിറ്റെൻഷൻ ക്യാമ്പ് കേരളത്തിൽ സ്ഥാപിക്കില്ലെന്ന് ശ്രീ. കെ. എം. ഷാജിക്ക് നല്ല ഉറപ്പുണ്ട്. കാരണം ഇവിടെ എൽ.ഡി.എഫ്. ഗവൺമെന്റല്ലേയുള്ളത്. ഇതൊക്കെ എൽ.ഡി.എഫ്. സർക്കാർ ഉറപ്പിച്ച് പറഞ്ഞ കാര്യങ്ങളല്ലേ? കേരളത്തിൽ പൗരത്വ ഭേദഗതി നിയമം നടപ്പാക്കില്ല. ഇവിടെ പൗരത്വ രജിസ്റ്ററിന്റെ ഭാഗമായി ഒരു നടപടിയും ഉണ്ടാകില്ല. പൗരത്വ രജിസ്റ്ററിലേയ്ക്ക് പോകുന്ന എൻ.പി.ആർ. ഇവിടെ നടപ്പാക്കപ്പെടില്ല. അതിന്റെ ഭാഗമായ എന്യൂമറേഷൻ ഉണ്ടാകില്ല. ഇവിടെ ഡിറ്റെൻഷൻ ക്യാമ്പുമായി ബന്ധപ്പെട്ട ഒരു നടപടിയും ഉണ്ടാകില്ല. ഇതൊക്കെ നേരത്തെ പ്രഖ്യാപിച്ച കാര്യങ്ങളല്ലേ, ഇപ്പോൾ പറഞ്ഞ കാര്യങ്ങളല്ല. ഇനി ഒരു കല്ലെടുത്ത് എറിയണമെങ്കിൽ അതും ചുമന്ന് ഒരു സ്ഥലത്ത് പോയിട്ട് 'ഇതാണ് ആ കല്ല് ഞാൻ ഇത് എടുത്ത് എറിയുകയാണ് എന്നുപറഞ്ഞ് കൊണ്ടുപോയി എറിയണം. ഇവിടെനിന്നും ഒരു നടപടിയുടെ ഭാഗമായി ഒരു കല്ലും എടുക്കാൻ സാധിക്കില്ല. സംസ്ഥാനത്ത് എൻ.പി.ആർ. നടപടികൾ നിർത്തിവയ്ക്കാൻ 20-12-2019-ലെ ജി.ഒ. (എം.എസ്.)247/2019/ജി.എ.ഡി. പ്രകാരം സംസ്ഥാന സർക്കാർ

തീരുമാനിക്കുകയാണ് ചെയ്തത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ സംസ്ഥാന സർക്കാരിനും അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായ ജില്ലാ കളക്ടർമാർക്കും നേരിട്ട് അയയ്ക്കുന്ന കത്തുകളിൽ എൻ.പി.ആർ. നടപടികൾകൂടി ഉൾപ്പെടുത്തുന്നതിനാൽ സംസ്ഥാനത്തെ ചില ഭാഗങ്ങളിൽ സെൻസസിനോടൊപ്പം എൻ.പി.ആർ. കൂടി തയ്യാറാക്കാനുള്ള നിർദ്ദേശമെന്ന് ധരിക്കപ്പെടുന്ന രീതിയിലുള്ള കത്തുകൾ ചില ഉദ്യോഗസ്ഥർ അയച്ചതായി ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ, ഇത്തരം കത്തുകൾ അയയ്ക്കാൻ പാടില്ലെന്നും മറിച്ച് സംഭവിക്കുകയാണെങ്കിൽ അച്ചടക്ക നടപടിയുണ്ടാകുമെന്നും ജി.എ.ഡി. പ്രിൻസിപ്പൽ സെക്രട്ടറി 16-01-2020-ൽത്തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. സെൻസസിനൊപ്പം സഹകരിക്കുമെന്ന് ഉറപ്പുനൽകുന്നതിനോടൊപ്പംതന്നെ എൻ.സി.ആർ. നിർമ്മിക്കുന്നതിന്റെ ഭാഗമായി എൻ.പി.ആർ. സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന കാര്യത്തിൽ സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടാണുള്ളത്. മലപ്പുറം ജില്ലയിലെ ചില ഉദ്യോഗസ്ഥർ അയച്ച കത്തുകളെപ്പറ്റി ജില്ലയിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർകൂടിയായ മലപ്പുറം ജില്ലാ കളക്ടർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

വ്യക്തമായ നിർദ്ദേശങ്ങൾ ലഭിച്ചശേഷവും ഇത്തരം വീഴ്ചകൾ വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കളക്ടർ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം സെൻസസുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ജില്ലയിൽ നടക്കുന്നുള്ളൂവെന്നും സർക്കാർ നിലപാടിന് വിരുദ്ധമായ എൻ.പി.ആർ.-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലയിൽ ഒരിടത്തും നടക്കുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല സെൻസസ് കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുമായി നടത്തിയ യോഗത്തിലും ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം കളക്ടർമാർക്ക് നൽകിയിട്ടുമുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് വസ്തുതാപരമല്ല. 24-08-2019-ൽ ഇറക്കിയ ഉത്തരവിന്റെ കാര്യമാണ് പറയുന്നത്. സെൻസസിനോടൊപ്പം ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.) നടപടികൾ മുന്നോട്ടുകൊണ്ടുപോകണമെന്ന് കാണിച്ചുകൊണ്ടുള്ള 12-11-2019-ലെ ജി.ഒ.(എം.എസ്.)218/2019/ജി.എ.ഡി. ഇപ്പോഴും പ്രാബല്യത്തിലുണ്ട്. അത് റദ്ദാക്കിയിട്ടില്ല. അത് റദ്ദാക്കാത്ത കാലത്തോളം സെൻസസിന്റെകൂടെ

എൻ.പി.ആർ.-ഉം മുന്നോട്ടുപോകും.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 20-12-2019-ലെ ജി.ഒ. (എം.എസ്.)247/2019/ജി.എ.ഡി. പ്രകാരം സർക്കാർ ചെയ്തത് എൻ.പി.ആർ. നടപടികൾ സംസ്ഥാനത്ത് നിർത്തിവയ്ക്കുന്നു എന്നതാണ്. അത് സാധാരണഗതിയിൽ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യം മാത്രമാണ്. അനുച്ഛേദം 256, 257 പ്രകാരം കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്യാൻ സംസ്ഥാന സർക്കാരിന് കഴിയില്ല. സ്റ്റേ ചെയ്യുക എന്നതാണ് സർക്കാരിന് ചെയ്യാൻ കഴിയുന്നത്. അതുകൊണ്ടാണ് ആ ഒരു സമീപനം സർക്കാർ സ്വീകരിച്ചത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് തെറ്റിദ്ധരിക്കുകയാണ്. കേരള സർക്കാർ 12-11-2019-ൽ ഇറക്കിയ ഉത്തരവുപ്രകാരം സെൻസസിനോടൊപ്പം എൻ.പി.ആർ. അഥവാ ദേശീയ ജനസംഖ്യാ രജിസ്റ്റർ പ്രവർത്തനങ്ങൾ കൊണ്ടുപോകണമെന്ന് പറയുന്നുണ്ട്. അത് വിവാദമായപ്പോൾ എൻ.പി.ആർ.-ന്റെ പ്രവർത്തനങ്ങൾ സ്റ്റേ ചെയ്തു. 20-12-2019-ൽ മറ്റൊരു ഉത്തരവ് ഇറങ്ങി. എന്നാൽ ഈ ഉത്തരവിൽ റഫറൻസായി നൽകിയത് നാലുമാസം മുൻപ് ഇറങ്ങിയ മറ്റൊരു

നോട്ടിഫിക്കേഷനാണ്. അങ്ങ് പരിശോധിക്കണം. താമരശ്ശേരി ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ തഹസിൽദാർമാർ ആ ഉത്തരവിറക്കിയതിനുകാരണം അത് റദ്ദാക്കാത്തതുകൊണ്ടാണ്. ആ ഗവൺമെന്റ് ഉത്തരവ് റദ്ദാക്കിയില്ലെങ്കിൽ ഈ പറയുന്ന അപകടം കേരളത്തിൽ ഇപ്പോഴും നിലനിൽക്കുകയാണ്. അങ്ങ് പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, പതിനൊന്നാം മാസത്തിൽ അങ്ങനെയൊരു ഉത്തരവ് ഉണ്ടെങ്കിൽത്തന്നെ പന്ത്രണ്ടാം മാസത്തിൽ ഉത്തരവ് വ്യക്തമായി പോയിട്ടുണ്ട്. ആ പന്ത്രണ്ടാം മാസത്തിലെ ഉത്തരവിൽ ഇത് സ്റ്റേ ചെയ്തിരിക്കുന്നുവെന്ന് കൃത്യമായിട്ടും പറഞ്ഞിട്ടുണ്ട്. അതിനുശേഷം ജനുവരി 16-ാം തീയതിയും ഇക്കാര്യത്തിൽ ജി.എ.ഡി. സെക്രട്ടറിയുടെ ഉത്തരവ് പോയിട്ടുണ്ട്. ഇത് ഇങ്ങനെ ഉണ്ടാകുകയാണെങ്കിൽ കർശന നടപടിയുണ്ടാകും എന്നുതന്നെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആ ഉത്തരവ് റദ്ദ് ചെയ്യുകയാണ് വേണ്ടത്.

ശ്രീ. പിണറായി വിജയൻ: സർ, കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്യാൻ നമുക്ക് കഴിയില്ല. നമുക്ക് ചെയ്യാൻ സാധിക്കുന്നത് അത് സ്റ്റേ

ചെയ്യുക എന്നുള്ളത് മാത്രമാണ്. ....(ബഹളം).... അത് നടപ്പാക്കില്ലെന്ന് ഇപ്പോൾ നമ്മൾ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. .....(ബഹളം).... കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള നടപടികൾ നമ്മുടെ സംസ്ഥാനത്ത് സ്വീകരിക്കില്ല, അത് സ്റ്റേ ചെയ്യുന്നു എന്ന നിലപാട് ഇപ്പോൾത്തന്നെ നമ്മൾ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 12-11-2019-ലെ ഉത്തരവ് റദ്ദാക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറയുന്നത് അങ്ങ് കേൾക്കുന്നുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. അതായത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഉത്തരവ്/നോട്ടിഫിക്കേഷൻ സാധാരണ നിലയിൽ ഒരു സംസ്ഥാന സർക്കാരിന് റദ്ദാക്കാനാകില്ല......(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് കേൾക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, കാര്യങ്ങൾ മനസ്സിലാക്കാനാണെങ്കിൽ അത് അങ്ങനെ എടുക്കുക. സ്റ്റേറ്റ് ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്നത് അത് നിർത്തിവയ്ക്കുക എന്നുള്ളതാണ്. അത് നിർത്തിവയ്ക്കുന്ന നടപടി നമ്മൾ ഇപ്പോൾ എടുത്തിട്ടുണ്ട്. അത് സ്റ്റേ ചെയ്തിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: സർ, 20-12-2019-ൽ ആദ്യത്തെ ഉത്തരവ് മാറ്റി,

ഞങ്ങൾ ഇതെല്ലാം സ്റ്റേ ചെയ്യുന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ; അതിനുശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യ മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിലെ ഡയറക്ടർ ഓഫ് രജിസ്ട്രാറിൽനിന്നും 14-01-2020-ൽ വീണ്ടും കത്ത് വന്നിരിക്കുന്നു. അങ്ങ് ഇതെല്ലാം സ്റ്റേ ചെയ്തുവെന്ന് പറഞ്ഞശേഷവും അവർ അയച്ച കത്തിൽ വച്ചിരിക്കുന്ന റഫറൻസ് ഏതാണെന്ന് അറിയാമോ? കേരള ഗവൺമെന്റ് 12-11-2019-ൽ പുറപ്പെടുവിച്ച ഉത്തരവ് തന്നെയാണ് വീണ്ടും അവർ ക്വാട്ട് ചെയ്യുന്നത്. അതിന്റെ അർത്ഥം, അങ്ങ് ഇതൊക്കെ സ്റ്റേ ചെയ്തിട്ടും ആദ്യത്തേത് പിൻവലിക്കാത്തതുകൊണ്ട് ഇപ്പോഴും ഹോം അഫയേഴ്സ് ക്വാട്ട് ചെയ്യുന്നത് 2019 നവംബറിൽ ഇറക്കിയിട്ടുള്ള ജി.ഒ. തന്നെയാണ്. അതുകൊണ്ട് ഈയൊരു പേപ്പർ അങ്ങ് പരിശോധിക്കണം (കത്തിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചു). അങ്ങ് ഇതെല്ലാം ചെയ്യുന്നുണ്ടെങ്കിലും ഇത് അവർ അവിടെ എടുത്തിട്ടില്ല. 2011-ൽ എൻ.പി.ആർ. അടക്കം അങ്ങ് ഇറക്കിയിട്ടുള്ള ജി.ഒ. ആണ് അവർ ഇപ്പോഴും പരിഗണിക്കുന്നത്. അത് പിൻവലിക്കാത്ത കാലത്തോളം നമ്മൾ എന്ത് റദ്ദാക്കിയിട്ടും കാര്യമില്ല. ഇത് നഗരസഭയ്ക്ക് അയച്ച കത്താണ്. ആരാണ് ഈ പറഞ്ഞിട്ടുള്ള എന്യൂമറേറ്റേഴ്സ് ആയിട്ടുള്ള ആൾക്കാർ? നമ്മൾ കൊടുക്കുന്ന ചോദ്യാവലിയല്ല അവർ എടുക്കുന്നത്. കേന്ദ്ര ഗവൺമെന്റ്

അയച്ചുകൊടുത്തിട്ടുള്ള കത്ത് അനുസരിച്ചാണ് അവർ കാര്യങ്ങൾ ചെയ്യുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഈ കാര്യത്തിൽ യാതൊരു ആശങ്കയ്ക്കും വകയില്ല, നടപടികളാകെ നിർത്തിവച്ചിരിക്കുകയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞ രീതിയിലുള്ള പ്രശ്നമെന്താണെന്ന് പരിശോധിക്കാം. അത് പരിശോധിക്കുന്നതിന് പ്രശ്നമൊന്നുമില്ല. പക്ഷെ, സാധാരണ നിലയ്ക്ക് സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്നത് ഇതുമാത്രമാണ്. അതിനപ്പുറം ചെയ്യാൻ കഴിയില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ പറഞ്ഞ കാര്യം നമുക്ക് പരിശോധിച്ചുനോക്കാം. ഇവിടെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല സെൻസസ് കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുമായി നടത്തിയ യോഗത്തിലും ഇത് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്ക് ഇതുമായി ബന്ധപ്പെട്ട് ഒരു ആശയക്കുഴപ്പവും ഉണ്ടാകേണ്ടതായിട്ടില്ല. ഇപ്പോൾ നല്ല നിലയ്ക്ക് വ്യക്തതയുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ദിവസം കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ പ്രഖ്യാപിച്ച നിലപാടുകൾ കാണുമ്പോൾ നമ്മുടെ പ്രക്ഷോഭം കുറേക്കൂടി യോജിച്ച് ശക്തിപ്പെടുത്തേണ്ടതുണ്ട് എന്നുതന്നെയാണ്

കാണിക്കുന്നത്. കാരണം ആ യോജിച്ച പ്രക്ഷോഭത്തിന് എത്രമാത്രം ഫലമുണ്ടാകുന്നുണ്ട് എന്നതിന് ചില സൂചനകൾ വരുന്നുണ്ട്. നമ്മൾ കൂടുതൽ ശക്തമായി യോജിച്ച പ്രക്ഷോഭം ഉയർത്തിക്കൊണ്ടുവരാനാണ് നോക്കേണ്ടത്. യോജിച്ച പ്രക്ഷോഭം ശക്തിപ്പെടുത്തുക എന്നത് ഏറ്റവും പ്രധാനമാണ്. ഇതിൽ ഞങ്ങൾ നിങ്ങൾ എന്നൊരു സമീപനമേ സ്വീകരിക്കാൻ പാടില്ല. അത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇതിൽ നമ്മളേയുള്ളൂ, നമുക്ക് അകറ്റി നിർത്തേണ്ടത് ഒരു വിഭാഗത്തെ മാത്രമേയുള്ളൂ, അത് വർഗ്ഗീയ തീവ്രവാദ ശക്തികളെയാണ്. ബാക്കിയെല്ലാംകൂടി ഒന്നായി നിന്ന് ഇതിനെ പരാജയപ്പെടുത്തും, ഇത് ഇവിടെ അനുവദിക്കില്ലായെന്ന് മാത്രമല്ല രാജ്യത്ത് ഇത്തരമൊരു കാര്യം അനുവദിക്കാൻ പറ്റില്ല എന്നതിൽ നമ്മൾ ഉറച്ചുനിൽക്കേണ്ടതായിട്ടുണ്ട്. അത് നമുക്ക് ഒന്നിച്ച് തുടരാം. ഇപ്പോൾ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവും വരുന്നില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതിന് അൽപം മുമ്പ് അങ്ങ് അനുവദിച്ച പ്രകാരം മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നത്തിൽ അദ്ദേഹം പറയുകയുണ്ടായി, ബഹുമാന്യനായ ശ്രീ. കെ. എം. ഷാജി ഈ സഭയിലെ

മുസ്ലീം ലീഗിന്റെ മെമ്പറാണ് *****+ അത് defamatory-ആണ്. ഒന്നുകിൽ അത് പിൻവലിക്കണം അല്ലെങ്കിൽ രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ഇന്ന് ഇന്ത്യ മുഴുവൻ ചർച്ച ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെപ്പറ്റി ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച ഈ അടിയന്തരപ്രമേയത്തെ മുഖ്യമന്ത്രി അതിന്റെ ഗൗരവത്തിൽ കണ്ടില്ലെന്നുള്ള ശക്തമായ വിമർശനം എനിക്കുണ്ട്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ആശങ്കകളാണ് ശ്രീ. കെ. എം. ഷാജി ഈ സഭയിൽ ഉന്നയിച്ചത്. അത് ഉന്നയിച്ച അദ്ദേഹത്തെ ******+ ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് വളരെ തെറ്റായ കാര്യമാണ്. എസ്.ഡി.പി.ഐ.-കാര് കൊല്ലാൻ നടക്കുന്ന ഒരാളാണ് ശ്രീ. കെ. എം. ഷാജി. അവർക്കെതിരായി പോരാട്ടം നടത്തുന്ന ആളാണ് അദ്ദേഹം. (....ബഹളം....)

+ ബഹുമാനപ്പെട്ട സ്പീക്കറുടെ പരിശോധനയിലാണ്.

+ ബഹുമാനപ്പെട്ട സ്പീക്കറുടെ പരിശോധനയിലാണ്

മതമൗലികവാദികൾക്കും തീവ്രവാദികൾക്കുമെതിരായി ഏറ്റവും വലിയ പോരാട്ടം നടത്തുന്ന അദ്ദേഹത്തിനെതിരെയാണ് വസ്തുത അറിയാതെ കൃഷി വകുപ്പുമന്ത്രി വളരെ മോശമായ പരാമർശം നടത്തിയത്. ഏതായാലും ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞതുകൊണ്ട് ശ്രീ. കെ. എം. ഷാജി ഒരു *****+ ആകുന്നില്ലല്ലോ. അദ്ദേഹത്തിന്റെ നിലപാടുകൾ എല്ലാവർക്കും അറിയാവുന്നതാണ്. ഞങ്ങൾ ആദ്യം മുതൽ ഈ കാര്യത്തിലെടുത്ത സമീപനമെന്താണ്? ഇത് ഈ രാജ്യത്തെ ഏതെങ്കിലും ഒരു മത വിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നമല്ല. ഈ രാജ്യത്തെ മതേതര വിശ്വാസികൾ ഒറ്റക്കെട്ടായി ഏറ്റെടുക്കേണ്ട ഒരു പ്രശ്നമായി തന്നെയാണ് ഞങ്ങൾ കണ്ടിട്ടുള്ളത്. യു.ഡി.എഫ്. ഈ കാര്യത്തിൽ എടുത്ത നിലപാട് സുവ്യക്തമാണ്. ഇതൊരു മുസ്ലീം വിഷയമല്ല. ഇന്ത്യയിലെ മതേതര വിശ്വാസികൾ ഏറ്റെടുക്കേണ്ട പ്രശ്നമാണ് എന്നതുതന്നെയാണ് തുടക്കം മുതലുള്ള ഞങ്ങളുടെ നിലപാട്. ഭരണഘടനയെ അട്ടിമറിക്കാനും നമ്മുടെ രാജ്യത്തെ മതേതരത്വത്തെ തകർക്കാനും ബോധപൂർവ്വമായ നീക്കം നടത്തുന്നു. ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും ദീർഘകാല അജണ്ടയാണിത്. Its a grand agenda.

---

+ ബഹുമാനപ്പെട്ട സ്പീക്കറുടെ പരിശോധനയിലാണ്

രാജ്യത്തെ ഒരു തിയോക്രാറ്റിക് സ്റ്റേറ്റാക്കി മാറ്റാനുള്ള അജണ്ടയുടെ ഭാഗമാണ്. ആ കാര്യം മനസ്സിൽവച്ചുകൊണ്ടുതന്നെയാണ് യു.ഡി.എഫ്.-ഉം കോൺഗ്രസ്സും ഈ രാജ്യത്തും കേരളത്തിലും പ്രക്ഷോഭങ്ങളുമായി മുന്നോട്ടുപോയിട്ടുള്ളത്. ഒരു മുസ്ലീം വിഷയമാക്കരുതെന്ന് പറയുന്നത് നല്ലതല്ലേ. ശ്രീ. കെ. എം. ഷാജി പറഞ്ഞതിൽ എന്താണ് തെറ്റ്. ഇത് ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെ പ്രശ്നമായി കാണരുതെന്നും ഇന്ത്യയിലെ മതേതര വിശ്വാസികൾ ഏറ്റെടുക്കേണ്ട പ്രശ്നമാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഇവിടെ മത തീവ്രവാദി..... (....ബഹളം....)

<u>ശ്രീ. സജി ചെറിയാൻ</u>: സർ, എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഒരു ചെറിയ സംശയം ചോദിക്കാനുണ്ട്. 2004 മുതൽ 2014 വരെ കോൺഗ്രസാണ് ഈ രാജ്യം ഭരിച്ചത്. 1955-ലെ സിറ്റിസൺഷിപ്പ് നിയമം 2003-ലെ ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്ത് ഭേദഗതി ചെയ്തു. തടങ്കൽപാളയം പണിത് കുടിയേറ്റക്കാരെ അതിൽ വസിപ്പിക്കുകയോ അല്ലെങ്കിൽ മറ്റ് രാജ്യങ്ങളിലേയ്ക്ക് അവരെ കൊടുക്കുകയോ ചെയ്യുന്ന ഏറ്റവും ജനവിരുദ്ധമായ നിയമം ഈ രാജ്യത്ത് കൊണ്ടുവരുന്നത് 2003-ലാണ്. (....ബഹളം....)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പൗരത്വവുമായി ബന്ധപ്പെട്ട പ്രശ്നത്തിലൊന്നുമല്ലല്ലോ അത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, .......(മൈക്ക് ഓഫ്)....

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മതേതരവാദികളായ ജനങ്ങൾ ഇന്ത്യയിൽ ഏറ്റെടുത്തിരിക്കുന്ന ഒരു പ്രക്ഷോഭത്തെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നിലനിർത്തണം എന്നുതന്നെയാണ് ശ്രീ. കെ. എം. ഷാജിയുടെയും ഞങ്ങളെല്ലാവരുടെയും അഭിപ്രായം. ആ കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. മാത്രമല്ല, മതേതര വിശ്വാസികൾ ഉയർത്തിപ്പിടിക്കുന്ന ഈ പ്രക്ഷോഭത്തെ ഹൈജാക്ക് ചെയ്യാൻവേണ്ടി ചില ആളുകൾ ഹർത്താൽ പ്രഖ്യാപിച്ചപ്പോൾ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും യു.ഡി.എഫ്.-ഉം എടുത്ത സമീപനമെന്തായിരുന്നു. ഞാനൊരു കാര്യം ഇവിടെ തുറന്നുപറയാം. ഞാൻ എന്തുകൊണ്ടാണ് മുഖ്യമന്ത്രിയോട് യോജിച്ച സമരത്തിന് ആവശ്യപ്പെട്ടത്. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെയുണ്ട്. മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറിയായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നെ ഫോണിൽ കിട്ടാത്തതുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയുമായി സംസാരിച്ചു, ശ്രീ. ഉമ്മൻ ചാണ്ടി എന്നെ വിളിച്ചു. ഇവിടെ ഒരു ഹർത്താൽ

പ്രഖ്യാപിച്ചിരിക്കുന്നു, രാജ്യത്ത് വലിയ തോതിലുള്ള ആശയക്കുഴപ്പവും ആശങ്കയും നിലനിൽക്കുന്നു, ഇത്തരം ആശങ്ക നിലനിൽക്കുമ്പോൾ അതിനെ ഹൈജാക്ക് ചെയ്യാൻ ചില തീവ്രവാദ സംഘടനകൾ മുൻകയ്യെടുക്കുന്നു, അതിനെ പരാജയപ്പെടുത്തണം. മുഖ്യമന്ത്രിയുമായി സംസാരിച്ച് ഒരു യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാകണമെന്നുള്ള ആവശ്യം മുന്നോട്ട് വയ്ക്കണമെന്ന് എന്നോട് പറഞ്ഞത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. (....ബഹളം....) നിങ്ങൾ വെറുതെ ആവശ്യമില്ലാതെ പ്രശ്നമുണ്ടാക്കുന്നതെന്തിനാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... ശ്രീ. അൻവർ സാദത്ത് പ്ലീസ്... (....ബഹളം....) ഡിബേറ്റ് ചെയ്യണമെങ്കിൽ എഴുന്നേറ്റുനിന്ന് അദ്ദേഹത്തോട് ചോദിച്ചാൽ മതി അദ്ദേഹം വഴങ്ങും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ജനങ്ങളിലുണ്ടായിരിക്കുന്ന ആശങ്കയും പ്രതിസന്ധിയും മുതലെടുക്കാൻ വേണ്ടി ഏകപക്ഷീയമായി ഹർത്താൽ പ്രഖ്യാപിച്ചപ്പോൾ അതിനെതിരായ നിലപാട് സ്വീകരിക്കാനും യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാകണമെന്നും ഒരു കൂട്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞാനാണ് മുഖ്യമന്ത്രിയോട് പറഞ്ഞത്. അദ്ദേഹം അന്നേരം അത് സമ്മതിച്ചു, എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് അദ്ദേഹം

ഉൾക്കൊണ്ടു. അതിന് ഏറ്റവും ആദ്യം മുൻകയ്യെടുത്ത പാർട്ടി ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് തന്നെയായിരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. മത-തീവ്രവാദ സംഘടനകൾക്ക് കേരളത്തിൽ ഒരു മുതലെടുപ്പ് നടത്താനുള്ള അവസരം കൊടുക്കാതെ മതേതര ശക്തികളുടെ ഒരു കൂട്ടായ്മയുണ്ടാകണമെന്ന് ആഗ്രഹിച്ചതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്. അതുകൊണ്ടാണ് ആ സമരം irrelevant ആയി മാറിയത്. കേരളത്തിൽ നിങ്ങളും ഞങ്ങളുമൊക്കെ സമരം നടത്തും. അത് ഒരുമിച്ചുനടത്താം, ഒറ്റയ്ക്കും നടത്താം. അതൊക്കെ വേറെ കാര്യം. പക്ഷെ ഇത്തരം സംഘടനകൾ ഈ അവസരം മുതലെടുക്കാൻവേണ്ടി നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തണമെന്നുള്ള ലക്ഷ്യത്തോടുകൂടി തന്നെയാണ് ഞങ്ങൾ പ്രവർത്തിച്ചത്. ചരിത്രപരമായ ദൗത്യമാണ് ഞങ്ങൾ നിറവേറ്റിയത്. അക്കാര്യത്തിൽ ഞങ്ങൾക്ക് ഒരു അഭിപ്രായവ്യത്യാസവുമില്ല. ഇവിടെയെന്താണ് ആശങ്ക. ഇവിടെ മാത്രമല്ല ഞാൻ കഴിഞ്ഞ ദിവസം ഡൽഹിയിലുണ്ടായിരുന്നു. ബംഗാളിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വന്നിട്ടുള്ള എന്റെ പഴയകാല സുഹൃത്തുക്കളുമായി ഞാൻ സംസാരിച്ചു. അവർക്കെല്ലാം ആശങ്കയുണ്ട്. രാജ്യത്ത് നടക്കുന്ന സെൻസസ് ദുരുപയോഗപ്പെടുത്തുമോ എന്ന ആശങ്ക നിലനിൽക്കുകയാണ്. സാധാരണ

ഗതിയിൽ പത്ത് വർഷമാകുമ്പോഴാണ് സെൻസസ് നടത്തുന്നത്. സെൻസസ് വിവരങ്ങൾ ഇന്ത്യയിലെ പതിനഞ്ച് നഗരങ്ങളിൽ പ്രത്യേകമായി ആർക്കും കൊടുക്കാതെ സൂക്ഷിച്ചുവയ്ക്കുന്ന രേഖയാണ്. അത് കോൺഫിഡൻഷ്യലായി സൂക്ഷിക്കുന്ന ഒരു രേഖയാണ്. പക്ഷെ ഇന്ന് ഈ രാജ്യത്തിലെ ആളുകൾക്ക് സംശയമുണ്ടാകുന്നു, സെൻസസിലെ വിവരങ്ങൾ NPR ഉണ്ടാക്കാൻ ദുരുപയോഗപ്പെടുത്തുമോ എന്നുള്ള ആശങ്കകൾ നിലനിൽക്കുകയാണ്. ഈ ആശങ്ക ഏറ്റവും ആദ്യം കണ്ടെത്തിയത് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ശ്രീമതി മമത ബാനർജിയാണ്. കേന്ദ്രം വിളിച്ച യോഗത്തിലേയ്ക്ക് പ്രതിനിധിയെ അയയ്ക്കുണ്ടായെന്ന് മമതാ ബാനർജി തീരുമാനിച്ചു. എന്തുകൊണ്ടാണ് അങ്ങനെ തീരുമാനിച്ചതെന്ന് ശ്രീമതി മമതാ ബാനർജിയോട് ഞാൻ ചോദിച്ചപ്പോൾ, അവർക്കും ഈ സംശയം ശക്തമായി നിലനിൽക്കുകയാണെന്നാണ് അറിയിച്ചത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും ആളുകൾക്ക് ആശങ്ക നിലനിൽക്കുന്നുണ്ട്. സെൻസസിന്റെ കാര്യത്തിൽനിന്ന് നമുക്ക് മാറിനിൽക്കാൻ കഴിയില്ല. അതിന് പല കാരണങ്ങളുണ്ട്, അത് നമ്മൾ ചെയ്തേ മതിയാകൂ. ആശങ്കകൾ ദൂരീകരിച്ചുകൊണ്ടുമാത്രമേ സെൻസസ് നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകാവൂ. (......ബഹളം.....) എന്റെ കയ്യിൽ ഒരു

പത്രമുണ്ട്, 'രാജ്യത്ത് പൗരത്വ രജിസ്റ്റർ തീരുമാനമായില്ല' എന്നാണ് വാർത്ത. ശ്രീ. അടൂർ പ്രകാശ് ഉൾപ്പെടെയുള്ളവരുടെ ചോദ്യത്തിന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി പാർലമെന്റിൽ പറഞ്ഞ കാര്യമാണിത്. എൻ.പി.ആർ.-നെ സംബന്ധിച്ചും എൻ.ആർ.സി.-യെ സംബന്ധിച്ചും വ്യക്തതയില്ല. പ്രധാനമന്ത്രി നടപ്പാക്കുകയില്ലായെന്നും ശ്രീ. അമിത് ഷാ നടപ്പാക്കുമെന്നും പറയുന്നു. (.....ബഹളം....) രാഷ്ട്രപതിയുടെ പ്രസംഗത്തിൽ നടപ്പാക്കുന്നുവെന്നും ലോകസഭയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി നടപ്പാക്കില്ലായെന്നും പറയുന്നു. ഇതിൽ ആര് പറയുന്നതാണ് ഞങ്ങൾ വിശ്വസിക്കേണ്ടത്; അക്കാര്യമാണ് ശ്രീ. കെ. എം. ഷാജി ഇവിടെ ഉന്നയിച്ചത്. ഈ ആശയക്കുഴപ്പം അവസാനിപ്പിച്ച് തൽക്കാലം സെൻസസ് നടപടികൾ നിർത്തിവയ്ക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നില്ലായെങ്കിൽ നമ്മൾ വലിയൊരു അപകടത്തിലേയ്ക്ക് ചെന്ന് ചാടും.

മി. സ്പീക്കർ: പ്ലീസ്....... പ്ലീസ്.......

ശ്രീ. രമേശ് ചെന്നിത്തല: ചതിക്കുഴികൾ ധാരാളം ഇതിനകത്തുണ്ടെന്നതാണ് ജനങ്ങളുടെ ആശങ്ക. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

നടപ്പാക്കില്ലായെന്ന് പറഞ്ഞല്ലോ. യു.എ.പി.എ. നിയമം നടപ്പാക്കുകയില്ലെന്ന് അങ്ങ് പാർട്ടി സെക്രട്ടറിയായിരുന്നപ്പോഴും മുഖ്യമന്ത്രിയായിരുന്നപ്പോഴും വളരെ വ്യക്തമായി പറഞ്ഞിട്ടില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് ചെറുപ്പക്കാരുടെ പേരിൽ യു.എ.പി.എ. നിയമം നടപ്പാക്കി എൻ.ഐ.എ.-യിലേയ്ക്ക് അത് പോയത് നമ്മൾ കണ്ടതല്ലേ. ഞങ്ങൾ ആവശ്യപ്പെട്ടതുകൊണ്ട് ഇന്നലെ അങ്ങ് അത് പിൻവലിച്ചതിൽ സന്തോഷമുണ്ട്. ഇനിയൊരു കാര്യംകൂടി ചെയ്യണം, യു.എ.പി.എ. ചേർത്തതുകൂടി പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുകയാണ് വേണ്ടത്. എന്നാൽ മാത്രമേ അത് പൂർത്തിയാകുകയുള്ളൂ. ആട്ടിൻ കുട്ടികളല്ല അവർ, ചായ കുടിക്കാൻ പോയതല്ല അവർ എന്നെല്ലാം അങ്ങ് പറഞ്ഞതിൽ നിന്ന് തെറ്റ് മനസ്സിലാക്കി പിന്നോട്ട് പോയതിൽ സന്തോഷമുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അങ്ങ് പറയുന്നത് ഞാൻ കേട്ടുകൊണ്ടിരിക്കുന്നതുകൊണ്ട് അത് വ്യക്തമാക്കണമല്ലോ. ആ കേസ്സുമായി ബന്ധപ്പെട്ടൊരു കാര്യങ്ങളിലേയ്ക്കും ഞാൻ കടന്നിട്ടില്ല. അന്ന് സംസാരിച്ചവരും പ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവരെല്ലാം കേരളത്തിലെ പോലീസിൽ നല്ല വിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് ഇവിടത്തെ പോലീസ് അന്വേഷിച്ചാൽ

മതിയെന്ന നിലപാടെടുത്തു. മാത്രമല്ല, അക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് നമ്മൾ ആവശ്യപ്പെടണമെന്നുമുള്ള നിലപാടെടുത്തു. ഞാനും അതുതന്നെയാണ് പറഞ്ഞത്. അതിന്റെ ഭാഗമായിട്ടുള്ള കത്താണ് ശ്രീ. അമിത് ഷായ്ക്ക് അയച്ചത്. ഇവിടെ ഇതുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു ചർച്ച വന്നിട്ടുണ്ട്, ഞങ്ങൾ നല്ലരീതിയിൽ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്നും അത് നിങ്ങൾ ഏറ്റെടുക്കാൻ മാത്രമുള്ള ഗ്രാവിറ്റിയുള്ള ഒരു കേസല്ല അതിനാൽ തിരികെ തരണമെന്നും അറിയിച്ചിട്ടുണ്ട്. ആ കേസ്സിന്റെ മെറിറ്റിലേയ്ക്ക് ഞാൻ കടന്നിട്ടില്ല. ഇപ്പോൾ ചില അഭിപ്രായങ്ങൾ പറയാൻ എന്നെ നിർബന്ധിക്കുന്ന തരത്തിലാണ് അദ്ദേഹം പറയുന്നതെങ്കിലും ഞാൻ ആ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യംകൂടി, അങ്ങ് ഇന്നലെയും കേരള പോലീസിലുള്ള വിശ്വാസം സംബന്ധിച്ച് പറഞ്ഞു. മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ് ഞാൻ. കേരള പോലീസിൽ എനിക്ക് അന്നും വിശ്വാസമുണ്ടായിരുന്നു, ഇപ്പോൾ വിശ്വാസം അൽപ്പം കുറഞ്ഞെന്നേയുള്ളൂ. കാരണം അങ്ങ് ഇതിന് നേതൃത്വം കൊടുക്കുന്നതുകൊണ്ടും പോലീസിലുണ്ടായ അപജയങ്ങൾ കാരണവും ആ

വിശ്വാസം ഇപ്പോൾ കുറഞ്ഞന്നേയുള്ളൂ. കേരള പോലീസിന്റെ കാര്യത്തിൽ ആർക്കും കുഴപ്പമൊന്നുമില്ല. ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ചതിനെ അങ്ങ് തെറ്റിദ്ധാരണാജനകമായി പറയുന്നത് എന്തിനാണ്; ഈ വിഷയത്തിലുള്ള ആത്മാർത്ഥതയിൽ അങ്ങയുടെ സർട്ടിഫിക്കറ്റ് യു.ഡി.എഫ്.-ന് വേണ്ടായെന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. പൗരത്വ നിയമ ഭേദഗതിയുടെ കാര്യത്തിൽ കേരളത്തിലെ യു.ഡി.എഫ്.-ന്റെ നിലപാട് കണ്ണാടിപോലെ സുതാര്യമാണ്. ഞങ്ങൾക്ക് ആരുടെയും സർട്ടിഫിക്കറ്റ് വേണ്ട. ഗവൺമെന്റ് ചെയ്യുന്ന ചില കാര്യങ്ങൾ ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കണം. എന്തുകൊണ്ടാണ് താമരശ്ശേരിയിലെയും കൊടുവള്ളിയിലെയും തഹസിൽദാർമാർ ഈ ഉത്തരവിറക്കിയത്. അവർ ഉത്തരവിറക്കിയതിന് കാരണം ഞാൻ നേരത്തെ പറഞ്ഞു, 12-11-2019-ലെ ഉത്തരവാണ്. ആ ഉത്തരവുപ്രകാരം ഇത് ഇപ്പോഴും നടപ്പാക്കേണ്ടതായിട്ടിരിക്കുകയാണ്. അതാണിവിടത്തെ ആശങ്ക. അതുമാത്രമല്ല, എന്യൂമറേറ്റർമാരെ നമ്മൾ വിട്ടുകൊടുക്കുകയാണ്. എന്യൂമറേറ്റർമാരെ വിട്ടുകൊടുക്കുമ്പോൾ സെൻസസ് നടത്തുന്ന നടപടിയോടൊപ്പംതന്നെ അത് പൗരത്വ രജിസ്റ്ററുമായി ബന്ധപ്പെട്ട്

വരുമോയെന്നുള്ള ആശങ്ക വ്യക്തമാകാതിരിക്കുയാണ്. അതിനാൽ ഈ ആശങ്കകളുടെ കാർമേഘപടലങ്ങൾ ഇന്ത്യയിലെ ജനങ്ങളുടെ മുന്നിൽ ഉയർന്നുനിൽക്കുമ്പോൾ അതിനൊരു വ്യക്തത വരുത്തിയതിനുശേഷം മാത്രമേ നടപ്പാക്കാവൂയെന്ന് ഞങ്ങൾ പറയുന്നതിൽ എന്ത് തെറ്റാണ്; ഞങ്ങൾ ആരെ എതിർക്കാൻ വേണ്ടിയാണ് ഇത് പറയുന്നത്; ഞങ്ങൾ പ്രകടിപ്പിക്കുന്ന ആശയഗതി ബംഗാളും പഞ്ചാബും ഉൾപ്പെടെയുള്ള ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമുണ്ട്. അവരാരും സെൻസസ് തുടങ്ങരുതെന്ന അഭിപ്രായക്കാരല്ല. പക്ഷേ ഈ ആശങ്കകൾ കൂടി പരിഹരിക്കപ്പെടണം. ജനങ്ങളുടെ മുമ്പിൽ നിൽക്കുന്ന ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാകണം. കേന്ദ്ര ഗവൺമെന്റ് വ്യക്തതയോടുകൂടി ഇക്കാര്യങ്ങൾ പറയണം. രാജ്യത്തെ ബാധിക്കുന്ന സെൻസസ് നടപടികളെ സംബന്ധിച്ചും എൻ.പി.ആർ.-നെ സംബന്ധിച്ചും എൻ.ആർ.സി.-യെ സംബന്ധിച്ചും നടപ്പാക്കുമോയെന്നുള്ള കാര്യത്തിൽ വ്യക്തതയുണ്ടാകണം. ഇതൊന്നുമില്ലാതെ നമ്മൾ സെൻസസ് നടപടികളുമായി മുന്നോട്ട് പോയാൽ അതിൽ ചതികുഴികളുണ്ടെന്ന് കാണാൻ കേരള സംസ്ഥാനം തയ്യാറാകണമെന്ന് ശ്രീ. കെ. എം. ഷാജി ഉന്നയിക്കുന്നതിൽ എന്താണ് തെറ്റ്?

മി. സ്പീക്കർ: പ്ലീസ്....... പ്ലീസ്.......

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, അങ്ങയുടെ പാർട്ടി ഭരിക്കുന്ന കുറേ സംസ്ഥാനങ്ങൾ ഉണ്ടല്ലോ. എന്താണ് അവിടെ എടുക്കുന്ന നിലപാട്? (.........ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, കോൺഗ്രസ് ഉൾപ്പെടെയുള്ള മുഖ്യമന്ത്രിമാർ ഈ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരിയോട് തൊട്ടടുത്ത് കിടക്കുന്ന സ്ഥലമാണ് മാഹി. അവിടെ ഭരിക്കുന്നത് നിങ്ങളുടെ പാർട്ടിയാണ്. ശ്രീ. വി. നാരായണ സ്വാമിയാണ് അവിടത്തെ മുഖ്യമന്ത്രി. അവിടെ ഈ കാര്യത്തിലെ നിങ്ങളുടെ നിലപാട് എന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, എല്ലാ സംസ്ഥാനങ്ങൾക്കും ഈ ആശങ്കയുണ്ട്. എൻ.പി.ആർ.-നെയും എൻ.ആർ.സി.-യെയും സെൻസസിനെയും സംബന്ധിച്ച് ഇന്ത്യയിലെ ബി.ജെ.പി. ഇതര സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കെല്ലാം ഈ ആശങ്കയുണ്ട്. ഇതിനകത്തൊരു വ്യക്തത വരുന്നതിനാണ് ഇത് ചർച്ച ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ മുതൽ യോജിച്ച സമരത്തെ സംബന്ധിച്ച്

പറയുന്നുണ്ട്. യോജിച്ച് ഇവിടെ സമരം നടത്തിയില്ലേ; എത്ര സമരങ്ങൾ നടന്നു; നിങ്ങളെല്ലാവരും സമരം നടത്തിയില്ലേ; ആരോടെങ്കിലും ആലോചിച്ചിട്ടാണോ കേരളത്തിൽ നിങ്ങൾ മനുഷ്യ ചങ്ങല സൃഷ്ടിച്ചത്; ഞങ്ങൾ ഒരുമിച്ച് രക്തസാക്ഷി മണ്ഡപത്തിലിരുന്നതിന്റെ അന്ന് വൈകുന്നേരമാണ് എൽ.ഡി.എഫ്.-ന്റെ യോഗംകൂടി തീരുമാനിച്ചത്. അതിനാൽ ഞങ്ങൾക്ക് ഞങ്ങളുടെ സമരം പ്രഖ്യാപിക്കേണ്ടി വന്നു. ഞങ്ങൾ സമരവുമായി മുന്നോട്ട് പോയി. ഡൽഹിയിലെ കാലാവസ്ഥയിൽ വന്ന മാറ്റമാണെന്ന് മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു, കാലാവസ്ഥയിൽ വന്ന മാറ്റമൊന്നുമല്ല. അതിനകത്ത് പിന്നീട് എൽ.ഡി.എഫ്.-നും മുഖ്യമന്ത്രിക്കും രാഷ്ട്രീയ താല്പര്യങ്ങൾ വന്നുവെന്നുള്ളതുകൊണ്ടുതന്നെയാണ് ഈ പ്രശ്നം ഉപയോഗിച്ച് സമരത്തെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്തത്. അതിനകത്തൊരു രാഷ്ട്രീയ മുതലെടുപ്പുവന്നു. നിങ്ങൾ കോൺഗ്രസ്സിനകത്ത് ഭിന്നിപ്പുണ്ടാക്കാനാണ് ശ്രമിച്ചത്. ആ വെള്ളം അങ്ങ് വാങ്ങി വച്ചാൽ മതി. കേരളത്തിലെ യു.ഡി.എഫ്. ഒറ്റക്കെട്ടായി മുന്നോട്ട് പോകും.

<u>മി. സ്പീക്കർ</u>: പ്ലീസ്....... പ്ലീസ്.......

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ലീഗ് കൊള്ളാം. എന്നാൽ കോൺഗ്രസ്

പാടില്ല. ലീഗ് കോൺഗ്രസ്സിനെ പ്രേരിപ്പിക്കണം. ആ വെള്ളമങ്ങ് വാങ്ങി വച്ചാൽമതിയെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. കേരളത്തിലെ യു.ഡി.എഫ്. ഒറ്റക്കെട്ടായി മുന്നോട്ട് പോകും. ഞങ്ങൾ ഈ കാര്യങ്ങളിലെല്ലാം ഒറ്റക്കെട്ടായാണ് മുന്നോട്ട് പോയിട്ടുള്ളത്. ശ്രീ. കെ. എം. ഷാജി ഇവിടെ അവതരിപ്പിച്ചത് കേരളത്തിലെ ജനങ്ങളുടെ ആശങ്കയാണ്. ആശങ്ക ഇല്ലായെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ; നിങ്ങൾക്ക് ശ്രീ. അമിത് ഷായിലും ശ്രീ. നരേന്ദ്രമോദിയിലുമാണോ വിശ്വാസം; ഇന്ത്യയിലെ മുഴുവൻ ജനങ്ങളിലും ആശങ്ക നിലനിൽക്കുമ്പോൾ അതൊന്നുമില്ലാ, ഞങ്ങൾ ഇവിടെ പറഞ്ഞാൽ അവസാനിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഞാനെല്ലാം സ്റ്റേ ചെയ്തെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിങ്ങൾ സ്റ്റേ ചെയ്തുകൊണ്ടൊന്നും അവസാനിക്കാൻ പോകുന്നില്ല. കാരണം ഇതെല്ലാം കേന്ദ്ര നിയമവുമായി ബന്ധപ്പെട്ടതാണ്. 1948-ലെ സെൻസസ് നിയമവും അത് കഴിഞ്ഞിട്ടുള്ള നിയമങ്ങളും 1955-ലെ പൗരത്വ നിയമവുമെല്ലാം മാറണമെങ്കിൽ അതിശക്തമായ പ്രക്ഷോഭങ്ങളുമായി മുന്നോട്ടു പോകണം. അതിന് ഇന്ത്യയിൽ നേതൃത്വം കൊടുക്കാൻ കഴിയുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് മാത്രമാണ്. അതുകൊണ്ട് നിങ്ങൾ സ്റ്റേ ചെയ്തുകൊണ്ട് നിൽക്കാൻ പോകുന്നില്ല.

ഇന്ത്യയിൽ ഇതിനെതിരായി ശ്രീ. നരേന്ദ്ര മോദിക്കും ശ്രീ. അമിത് ഷായ്ക്കുമെതിരായി പ്രക്ഷോഭങ്ങൾ നടത്തി പാർലമെന്റിനകത്തും പുറത്തും ശക്തമായ പ്രതിരോധം സൃഷ്ടിച്ച് നിന്നാൽ മാത്രമേ നിയന്ത്രിക്കാൻ കഴിയൂ. എൻ.ആർ.സി. നടപ്പാക്കില്ലായെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി പറയുന്നതുവരെ കാര്യങ്ങളെത്തി. അതിനാലാണ് ഞങ്ങൾ വ്യക്തത വരട്ടെയെന്ന് അഭിപ്രായപ്പെടുന്നത്. വ്യക്തത വന്നതിനുശേഷം മാത്രമേ സെൻസസ് നടത്താവൂ അല്ലെങ്കിൽ നമ്മൾ അപകടത്തിലേയ്ക്ക് പോകും. ഞാൻ ഈ ഗവൺമെന്റിന് മുന്നറിയിപ്പ് നൽകാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ എടുത്തുചാടി ഇക്കാര്യത്തിൽ മുന്നോട്ട് പോകരുത്. ഇപ്പോൾ എന്യൂമറേറ്റർമാരെ വിടേണ്ട കാര്യമില്ല. എന്യൂമറേറ്റർമാരെ വിട്ടുകഴിഞ്ഞാൽ ഈ സാഹചര്യം ഗുരുതരമായി മുന്നോട്ട് പോകാനുള്ള സാദ്ധ്യതയുള്ളതുകൊണ്ട് അത് നിർത്തി വയ്ക്കണമെന്നുള്ള ശ്രീ. കെ. എം. ഷാജിയുടെ അഭിപ്രായം വളരെ ന്യായമായതാണ്. കേരളത്തിലെ ജനങ്ങളുടെ ആശങ്ക ഗവൺമെന്റ് ഉൾക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്. അത് ചർച്ച ചെയ്യാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച അടിയന്തരപ്രമേയത്തിനിടയിൽ, അദ്ദേഹം എസ്.ഡി.പി.ഐ.-ക്കാരനാണെന്ന രീതിയിൽ ഇവിടെ ചിലർ സംസാരിക്കുകണ്ടായി. എസ്.ഡി.പി.ഐ.-ക്കാരുടെ ആക്രമണം ഏതുസമയത്തും ഉണ്ടാകുമെന്ന കാരണത്താൽ കേരള പോലീസ് സംരക്ഷണം കൊടുക്കുന്ന ഒരംഗമാണ് അദ്ദേഹമെന്ന കാര്യം നമ്മൾ മനസ്സിലാക്കണം. കേരള പോലീസിനോട് ചോദിച്ചാൽ എസ്.ഡി.പി.ഐ.-യും അദ്ദേഹവും തമ്മിലുള്ള ബന്ധം എന്താണെന്നുള്ളത് ബോധ്യമാകും. അതുകൊണ്ട് അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല.

മുസ്ലീം ലീഗിനുള്ളിൽ ഇക്കാര്യത്തിൽ രണ്ട് തട്ടൊന്നുമില്ല. മുഖ്യമന്ത്രി പറഞ്ഞ ഒന്നിച്ചുള്ള സമരത്തിൽ പങ്കെടുത്ത ആളാണ് ഞാൻ. ഒന്നിച്ചുള്ള ആ സമരത്തിൽ പങ്കെടുത്തതിന് അന്നും ഇന്നും കുറ്റബോധമുള്ള ആളുമല്ല ഞാൻ. പക്ഷെ അതിനെ പിന്നീട് രാഷ്ട്രീയമായി കൊണ്ടുപോയതാരാണെന്ന് നമ്മൾ പരിശോധിച്ചാൽ മനസ്സിലാകും. ഇപ്പോഴും ഇവിടെ നിങ്ങൾ പറയുന്നത്

ഇക്കാര്യത്തിൽ രണ്ടഭിപ്രായമാണെന്നാണ്. എന്നാൽ ഞങ്ങൾ ഇറങ്ങിപ്പോകുമ്പോൾ നിങ്ങൾക്ക് കാണാൻ സാധിക്കും, ഞങ്ങൾ ഒന്നിച്ച് തന്നെ ഇവിടെ നിന്ന് ഇറങ്ങിപ്പോകും. ഐക്യജനാധിപത്യ മുന്നണിക്ക് ഇക്കാര്യത്തിൽ രണ്ടഭിപ്രായമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുമ്പോൾ പെട്ടെന്നുള്ള വികാരത്തിൽ ചില കാര്യങ്ങളിവിടെ പറയുകയും പിന്നീട് ആലോചിച്ച ശേഷം അത് തിരുത്തുകയും ചെയ്യാറുണ്ടെന്നുള്ളതുകൊണ്ട് ഈ കാര്യത്തിലും മാറ്റമുണ്ടാകുമെന്നതന്നെയാണ് ഞങ്ങളുടെ പ്രതീക്ഷ. അങ്ങ് പറഞ്ഞ ഒന്നിച്ചുള്ള പോരാട്ടത്തിൽ ഞങ്ങളുമുണ്ട്. സെൻസസ് നിർത്തിവയ്ക്കണമെന്ന ആവശ്യവുമായി അങ്ങ് ഡൽഹിയിൽ പോകുന്നുണ്ടെങ്കിൽ കൂടെ വരാൻ ഞങ്ങൾ തയ്യാറാണ്.

12.11.2019-ൽ അങ്ങ് ഇറക്കിയ ഓർഡറിൽ പറയുന്നത്, the Joint Director of Census Operations, Census 2021 and the appointment of Census Officers at various levels. The first phase of the Census operation, viz. Houselisting and Housing Census and Updation of NPR will be conducted during April-May, 2020 എന്നു പറഞ്ഞുകൊണ്ട് അങ്ങയുടെ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് ഗവൺമെന്റ് ഓർഡർ

ഇറക്കിയിട്ടുണ്ട്. അത് മാത്രമല്ല അതിന്റെകൂടെ ഒരു ഗസറ്റ് നോട്ടിഫിക്കേഷനും ഇറക്കിയിരുന്നു. 20.12.2019-ലെ സർക്കാർ ഉത്തരവ് 247/2019 പ്രകാരം സംസ്ഥാനത്തെ ദേശീയ ജനസംഖ്യാ രജിസ്റ്റർ സംബന്ധിച്ച എല്ലാ പ്രക്രിയകളും സ്റ്റേ ചെയ്യുവാനുള്ള തീരുമാനം എടുത്തിട്ടുണ്ടെന്നാണ് അങ്ങ് 03.02.2020-ൽ ഞങ്ങൾക്ക് നൽകിയ മറുപടിയിൽ പറയുന്നത്. അങ്ങയുടെ ദൃഷ്ടിയിൽ ഇത് പോയി എന്നൊരു ധാരണയാണ് നിലനിൽക്കുന്നത്. 2019 ഡിസംബറിലാണ് അങ്ങ് ഇത്തരമൊരു ഉത്തരവിറക്കിയത്. അത്തരത്തിലൊരു ഉത്തരവിറക്കി ഒരു മാസം കഴിഞ്ഞപ്പോഴാണ് ഗവൺമെന്റ് ഓഫ് ഇന്ത്യാ മിനിസ്റ്ററി ഓഫ് ഹോം അഫയേഴ്സ്, ഡയറക്ടർ ഓഫ് സെൻസസ് ഓപ്പറേഷൻ മഞ്ചേരി നഗരസഭയ്ക്ക് 2020 ജനുവരി 14-ന് അയച്ചിട്ടുള്ള കത്തിൽ അവർ റഫറൻസായി ചൂണ്ടിക്കാട്ടിയിരിക്കുന്നത് ജി.ഒ. നം. 218/2019 എന്ന അങ്ങ് 12.11.2019-ൽ ഇറക്കിയ ഗവൺമെന്റ് ഓർഡറാണ്. അതിനർത്ഥം അങ്ങിവിടെയിത് സ്റ്റേ ചെയ്തിട്ടുണ്ടെങ്കിലും സെൻസസ് ഡയറക്ടർക്ക് ഈ സ്റ്റേ ഇതുവരെ ഒരു സ്റ്റേ ആയി തോന്നിയിട്ടില്ല എന്നതാണ്. കാരണം, അങ്ങ് ആദ്യം ഇറക്കിയ ഉത്തരവ് പ്രകാരം എല്ലാ സെൻസസ് ഓഫീസേഴ്സിനെയും നിയോഗിച്ചു കഴിഞ്ഞു. ആ സെൻസസ് ഓഫീസേഴ്സിന് നേരിട്ട് കത്തയയ്ക്കുക എന്നത് സെൻട്രൽ

ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. അങ്ങ് വിചാരിച്ചാലും ഇക്കാര്യത്തിൽ നഗരസഭാ സെക്രട്ടറിയുടെ മേൽ അങ്ങേയ്ക്ക് ഇനി നിയന്ത്രണമില്ല. കാരണം തെരഞ്ഞെടുപ്പിന് തെരഞ്ഞെടുപ്പ് ഓഫീസേഴ്സിനെ ഉപയോഗിക്കുന്ന പോലെ അങ്ങ് നിയോഗിച്ചതനുസരിച്ച് അവർ സെൻസസ് ഫംഗ്ഷണറീസായി മാറിക്കഴിഞ്ഞു. നഗരസഭയ്ക്കുപോലും ഇനി അവരെ നിയന്ത്രിക്കാൻ സാധിക്കില്ല. ഭരണപക്ഷ നഗരസഭയല്ലേയെന്ന് ഇവിടെ ചോദിച്ചു. ഭരണപക്ഷ നഗരസഭയെന്ന് പറയുവാൻ, നഗരസഭ ചേർന്നല്ല സെൻസസ്......, സെൻസസ് ഓഫീസേഴ്സിനെ നിങ്ങൾ തീരുമാനിച്ച സാഹചര്യത്തിൽ പ്രൈമറി സ്കൂൾ ടീച്ചേഴ്സടക്കം സെൻസസ് ഫംഗ്ഷണറീസായി മാറിക്കഴിഞ്ഞു. പ്രിയപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ ക്വസ്റ്റ്യനയർ ഇനി അവർക്കൊരു പ്രശ്നമേയല്ല. അങ്ങ് അതിൽ നിന്ന് എൻ.പി.ആർ. മാറ്റിയാലും സെൻസസ് മാത്രം ആക്കിയാലും അതല്ല അവർ അനുസരിക്കാൻ പോകുന്നത്. സെൻസസ് ഡയറക്ടറേറ്റ് അയച്ചുകൊടുത്ത കത്തും ക്വസ്റ്റ്യനയറുമാണ് അവർ അനുസരിക്കാൻ പോകുന്നത്. ആ ക്വസ്റ്റ്യനയറിൽ എൻ.പി.ആർ. ഉണ്ടായിരിക്കും. കാരണം, സെൻസസ് ഓഫീസറും എൻ.പി.ആർ. ഡയറക്ടറും ഇപ്പോൾ ഒന്നുതന്നെയാണ്. ഇതിനെ വേർതിരിക്കാൻ സാധിക്കാത്ത രീതിയിൽ കേന്ദ്ര സർക്കാർ ഇവ രണ്ടിനെയും

ഒന്നാക്കിയിരിക്കുന്ന സാഹചര്യത്തിൽ അങ്ങേയ്ക്ക് ആ ക്വസ്റ്റ്യനയറെടുത്ത് പരിശോധിക്കുവാൻ സാധിക്കുമോ? സെൻട്രൽ ഗവൺമെന്റ് അയച്ചുകൊടുക്കുന്ന കത്തുമായി...

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജനുവരി 14-ാം തീയതി ഇങ്ങനെയൊരു കത്തയച്ചുവെന്ന് ഇവിടെ പറഞ്ഞു. ജനുവരി 16-ന് ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ട സെക്രട്ടറിമാരോട് ഇത്തരം കത്തുകൾ അയയ്ക്കുവാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെ സർവ്വതന്ത്ര സ്വതന്ത്രമായി നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് പ്രവർത്തിക്കാൻ സാധിക്കില്ല. അവർക്ക് കൃത്യമായി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്, ആ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ അവർക്ക് സാധിക്കുകയുള്ളൂ. അതിന്റെ ഭാഗമായാണ് ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശങ്ങൾ നൽകിയത്. അതിന്റെ ഭാഗമായാണ് ചീഫ് സെക്രട്ടറി കളക്ടർമാർക്ക് നിർദ്ദേശം നൽകിയത്. അവയെല്ലാം നിലനിൽക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, ക്വസ്റ്റ്യനയറെന്ന് പറയുന്നത് സെൻട്രൽ ഗവൺമെന്റിലെ സെൻസസ് ഡയറക്ടറാണ് അയച്ചുകൊടുക്കുന്നത്. 1948-ലെ

സെൻസസ് ആക്ടിന്റെ അടിസ്ഥാനത്തിലുള്ളതാണത്. 2003-ൽ ഇറങ്ങിയ റൂൾ പ്രകാരമാണ് എൻ.പി.ആർ. നടത്തുന്നത്. ഇവിടത്തെ ജില്ലാ കളക്ടർമാർക്ക് അതിൽ ഇടപെട്ട് ആ ക്വസ്റ്റ്യനയർ കട്ട് ചെയ്യാൻ സാധിക്കില്ല. സെൻസസ് നിർത്തിവയ്ക്കണമെന്നല്ല ഞങ്ങൾ ആവശ്യപ്പെടുന്നത്. സെൻസസ് നടപ്പിലാക്കുന്നതിന് മുൻപുള്ള വ്യക്തത ഉണ്ടാകണമെന്നാണ് ആവശ്യപ്പെടുന്നത്. എൻ.പി.ആർ.-ഉം സെൻസസും ഒരേ ക്വസ്റ്റ്യനയറിൽ നിന്ന് ക്വസ്റ്റ്യൻസ് ചോദിക്കാൻ തുടങ്ങിയാൽ പ്രശ്നമാണ്. ആ ക്വസ്റ്റ്യൻസ് വരുമ്പോൾ ജനങ്ങൾക്ക് ആശങ്കയുണ്ടാകും. സ്ത്രീകൾ വിഭ്രാന്തരാണ്. ആസാമിൽ അനേകം സ്ത്രീകൾ മാനസിക ട്രീറ്റ്മെന്റിലാണ്. അവരെ ഭയപ്പെടുത്തുന്ന ഈ ചോദ്യത്തിന് നമുക്ക് ഒരുമിച്ച് നിന്ന് പരിഹാരം കാണാം. ചർച്ച് ചെയ്ത് നിർദ്ദേശം വയ്ക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയെ വിളിച്ച്, ഇതെല്ലാം നമ്മൾ ചെയ്തിട്ടും പഴയ ഗവൺമെന്റ് ഓർഡർ തന്നെ സെൻസസ് ഡയറക്ടർ ഉദ്ധരിക്കുന്നതിന്റെ കാരണം എന്താണെന്ന് ചോദിക്കണം.

മി. സ്പീക്കർ: യെസ്. പ്ലീസ് കൺക്ലൂഡ്.

ഡോ. എം. കെ. മുനീർ: സർ, അതിനുശേഷം അതിനുള്ള മറുപടി

നാളെയെങ്കിലും ഞങ്ങൾക്ക് തരണം.

ശ്രീ. പിണറായി വിജയൻ: സർ, സെൻസസ് നടപ്പിലാക്കുമെന്ന നിലപാട് തന്നെയാണ് സംസ്ഥാന സർക്കാർ ഇതുവരെ എടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായുള്ള നടപടികളുമായി നീങ്ങുന്നതിന് വേറെ പ്രശ്നങ്ങളൊന്നുമില്ല. നിർത്തിവയ്ക്കുമെന്ന് പറഞ്ഞത് NPR ആണ്. NPR-ന്റെ ഭാഗമായിട്ടുള്ള ചോദ്യാവലികളുണ്ട്. ആ ചോദ്യാവലികൾ സെൻസസിന്റെ ഭാഗമായി വരികയില്ല. സെൻസസ് സാധാരണ നടക്കുന്നുണ്ട്. ആ നടക്കുന്ന കാര്യം മാത്രമേ നടക്കൂ.

മി. സ്പീക്കർ: പ്ലീസ്... അങ്ങ് ഇനി കൺക്ലൂഡ് ചെയ്യൂ.

ഡോ. എം. കെ. മുനീർ: സർ, ഏതായാലും ഞങ്ങൾ പറഞ്ഞിട്ടുള്ള കാര്യം അങ്ങ് ഇന്ന് ഉദ്യോഗസ്ഥരെ വിളിച്ച് സംസാരിക്കൂ. ഞങ്ങൾ പറഞ്ഞതാണോ ശരി, അങ്ങ് പറഞ്ഞതാണോ ശരിയെന്ന് പരിശോധിക്കുക. ഏതായാലും ഇതൊരു ചർച്ച ചെയ്യേണ്ട വിഷയമാണ്, അത്രയും ഗൗരവമുള്ള വിഷയമാണ്. ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ചു എന്ന കാരണത്താൽ അങ്ങ് ഈയൊരു നിലപാടെടുക്കരുത്. കാരണം ഗൗരവമായി അദ്ദേഹം പറഞ്ഞ കാര്യം അതിന്റെ സെൻസിൽ അങ്ങ് എടുക്കണം. ശ്രീ. കെ. എം. ഷാജി ഒരു നിയമസഭാ

സാമാജികനാണ്. അദ്ദേഹം ഞങ്ങളെ സംബന്ധിച്ചിടത്തോളം ഐക്യജനാധിപത്യ മുന്നണിയുടെ ഭാഗമായ അംഗമാണ്. അദ്ദേഹത്തിനിത് അവതരിപ്പിക്കാനുള്ള അവകാശമുണ്ടെന്ന് അങ്ങ് പറഞ്ഞ സാഹചര്യത്തിൽ, ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ചതുകൊണ്ട് വേറെ ഉദ്ദേശ്യമാണെന്നുള്ള രീതിയിൽ മുഖ്യമന്ത്രി മുൻവിധിയോടെ ഇതിനെ കാണരുത്, അങ്ങനെ കണ്ട സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാനെപ്പോഴും ഒരു ശുഭാപ്തി വിശ്വാസിയാണ്. 12/11/2019-ലെ പൊതുഭരണ വകുപ്പിന്റെ ഉത്തരവ് ഇപ്പോഴും നിലനിൽക്കുകയാണ്. മുഖ്യമന്ത്രി സ്റ്റേ ചെയ്തുവെന്ന് പറയുന്നത് നിലവിൽ വന്നിട്ടില്ല. ഇപ്പോഴും 12/11/2019-ലെ ഉത്തരവ് നിലനിൽക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവരുടെ മേലുള്ള കൺട്രോൾ മുഴുവൻ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്കാണ്, ഒരു സംശയവുമില്ല. ഇതിനെ സംബന്ധിച്ച് കേന്ദ്രത്തിലെ നേതാക്കന്മാർ ചിന്താക്കുഴപ്പമുണ്ടാക്കുന്ന പ്രസ്താവനകളാണ് നടത്തുന്നത്. ഇത് നടപ്പാക്കുമെന്നും നടപ്പാക്കില്ല എന്നും പറയുന്നു. എൻ.ആർ.സി.

നടപ്പിലാക്കില്ലെന്ന് ഒരുമന്ത്രി പറയുകയും നടപ്പാക്കുമെന്ന് വേറൊരാൾ പറയുകയും ചെയ്യുന്നു; അട്ടർ കൺഫ്യൂഷനിലാണ്. അതുകൊണ്ട് ഈ സെൻസസ് ഓപ്പറേഷനുമായി മുന്നോട്ടുപോയാൽ അപകടം പതിയിരിക്കുന്നു. അങ്ങ് ഒന്നുകൂടി ഇത് പുനഃപരിശോധിക്കണം. എന്തുകൊണ്ട് ചില സംസ്ഥാനങ്ങൾ ഇതുമായി മുന്നോട്ടുപോകുന്നില്ല എന്നുള്ളത് ഗൗരവമായ കാര്യമാണ്. ഇത് പുനഃപരിശോധിക്കുമെന്നുള്ള പ്രതീക്ഷയിൽത്തന്നെ ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ഒരു കാര്യം വ്യക്തമാണ്; എന്യൂമറേറ്റേഴ്സ് കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിലേക്ക് വന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് സ്റ്റേറ്റ് ഗവൺമെന്റിന് അവരെ നിയന്ത്രിക്കാനുള്ള നടപടികളും ക്രമീകരണങ്ങളും പരിമിതമാണെന്നുള്ളത് ഇവിടെ പ്രതിപാദിച്ചത്. അതുകൊണ്ടുതന്നെയാണ് ഈ ആശങ്ക ഇവിടെ നിലനിൽക്കുന്നത്. സെൻസസിനെ സംബന്ധിച്ചുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

സൂചിപ്പിച്ചതുപോലെ അനിവാര്യമായ ഒന്നാണ്. അതിനുമുന്നിൽതന്നെ എൻ.പി.ആർ അടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുകയാണ്. അതാണ് ഞങ്ങളിവിടെ ആവർത്തിച്ച് പറയുന്നത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കാമെന്ന് പറഞ്ഞു; അങ്ങത് പരിശോധിക്കണം. അതിനകത്തുള്ള നടപടികൾ ആശങ്കയുളവാകുന്ന നിലയിൽ മുന്നോട്ട് പോകാൻ പാടില്ല. 20.12.2019-ൽ അങ്ങ് ഈ നോട്ടിഫിക്കേഷൻ സ്റ്റേ ചെയ്യുവെന്ന് പറഞ്ഞു. അത് റദ്ദാക്കിയിട്ടില്ലെന്നുള്ളത് അങ്ങയുടെ വാക്കിൽത്തന്നെ വ്യക്തമാണ്. ഒരു ഗസറ്റ് നോട്ടിഫിക്കേഷൻ റദ്ദാക്കണമെങ്കിൽ മറ്റൊരു ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ മാത്രമേ കഴിയുകയുള്ളൂ. ഇത്തരത്തിലുള്ള അനവധി വിഷയങ്ങൾ ഇതിനകത്ത് നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ടുകൊണ്ട് ഈ വിഷയം ആശങ്കയില്ലാത്ത നിലയിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽ നിന്നും പുറത്തുപോയി.)

(സഭയിൽനിന്നും പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം

സഭയിൽ തിരികെ പ്രവേശിച്ചു.)